LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 15, വെള്ളി

വാല്യം CXXV] **ഔദ്യോഗിക റിപ്പോർട്ട്** [നമ്പർ 9

നിയമസഭ 2005 ജൂലൈ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

ചരമോപചാരം

പി. കെ. വാസുദേവൻ നായരുടെ നിര്യാണം

മി. സ്പീക്കർ: സംശുദ്ധവും തിളക്കമേറിയതുമായ പൊതുജീവിതത്തിനുടമയും കുലീനത്വവും ആദർശനിഷ്ഠയും മാന്യതയുടെ മുഖമുദ്രയാക്കിയ ജനനേതാവുമായ മുൻ മുഖ്യമന്ത്രി പടയാട്ടു കേശവപിള്ള വാസുദേവൻ നായർ സ്മരണകൾ ബാക്കിയാക്കി വിടചൊല്ലി.

കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് നീണ്ട ആറ് ദശാബ്ദക്കാലം രാഷ്ട്രീയരംഗത്തെ സജീവ സാന്നിദ്ധ്യമായിരുന്ന പി. കെ. വി., വി. എം. കേശവപിള്ള-നാണിക്കുട്ടിയമ്മ ദമ്പതികളുടെ മകനായി 1926 മാർച്ച് 2-ന് കോട്ടയം ജില്ലയിലെ കിടങ്ങൂരിൽ ജനിച്ചു. കിടങ്ങൂർ, പുഞ്ഞാർ ഗവൺമെന്റ് സ്കൂളുകളിലെ പ്രാഥമിക വിദ്യാഭ്യാസാനന്തരം ആലുവ യു. സി. കോളേജിൽനിന്ന് ഫിസിക്സിൽ ബിരുദം കരസ്ഥമാക്കി. നിയമപഠനത്തിനായി തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിൽ ചേർന്ന പി. കെ. വി. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ ആമഗ്നനായി നിയമപഠനം പാതിവഴിയിൽ ഉപേക്ഷിച്ചു. 1947-ൽ ട്രാവൻകൂർ സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റായും 1948-ൽ ആൾ കേരള സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. 1954-ൽ അദ്ദേഹം അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി യുവജനപ്രസ്ഥാനത്തിന്റെ നേതൃനിരയിലെത്തിയ പി. കെ. വി. കേരള യൂത്ത് ഫെഡറേഷൻ പ്രസിഡന്റായി പ്രവർത്തിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

എ.ഐ.വൈ.എഫ്. സ്ഥാപക പ്രസിഡന്റായിരുന്ന പി. കെ. വി.-യുടെ നേതൃപാടവം ദേശീയ-അന്തർദേശീയ തലത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുകയും തന്മൂലം വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാറ്റിക് യൂത്തിന്റെ (WFDY) വൈസ് പ്രസിഡന്റായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിക്കുകയും ചെയ്തു.

ഇടതുപക്ഷ നേതൃനിരയിലെ താത്വിക സാന്നിദ്ധ്യമായിരുന്ന പി. കെ. വി. ആദർശാധിഷ്ഠിത ജീവിതത്തിനുടമയായി പഴയകാല കമ്മ്യൂണിസ്റ്റുകാരുടെ അപകടം നിറഞ്ഞ ജീവിതപാതയിലൂടെ ദൃഢമായ ചുവടുകൾ വച്ച് 1948-51 കാലഘട്ടത്തിൽ ഒളിവ് ജീവിതം നയിച്ച് അണികളുടെ സമരവീര്യത്തെ ഉണർത്തി. വിദ്യാർത്ഥി പ്രക്ഷോഭവുമായി ബന്ധപ്പെട്ട് 1951-ൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കപ്പെട്ടു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ 1964-ൽ ഉണ്ടായ പിളർപ്പിനു ശേഷവും സി.പി.ഐ.-യിൽ തുടർന്ന അദ്ദേഹം പാർട്ടി സെക്രട്ടറിയായി ഉയർന്നു.

31-ാം വയസ്സിൽ, 1957-ൽ തിരുവല്ല ലോക്സഭാ മണ്ഡലത്തിൽനിന്ന് പി. കെ. വി. ആദ്യമായി പാർലമെന്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1962-ലും 1967-ലും യഥാക്രമം അമ്പലപ്പുഴ, പീരുമേട് മണ്ഡലങ്ങളിൽനിന്നും അദ്ദേഹം വീണ്ടും ലോകസഭാംഗമായി. 23 വർഷത്തെ ഇടവേളയ്ക്ക് ശേഷം 2004-ൽ തിരുവനന്തപുരത്തുനിന്നും വൻഭൂരിപക്ഷത്തിൽ 14-ാം ലോകസഭയിലേക്ക് അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തെ വിവിധങ്ങളായ, ഏറ്റവും കൂടുതൽ ലോകസഭാ മണ്ഡലങ്ങളിൽനിന്ന് വിജയിച്ച നേതാവ് എന്ന ബഹുമതി പി. കെ. വി.-ക്ക് മാത്രമുള്ളതാണ്. അദ്ദേഹത്തിന്റെ വ്യാപകമായ ജനസമ്മതിക്കുള്ള സാക്ഷ്യപത്രം കൂടിയാണിത്.

സി. പി. ഐ. പാർലമെന്ററി പാർട്ടി ലീഡറായിരുന്ന പി.കെ.വി. ജനപ്രതിനിധിയെന്ന നിലയിൽ പരമോന്നത നിയമനിർമ്മാണ സഭയുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ തികഞ്ഞ ഉത്സാഹത്തോടെയും ആർജ്ജവത്തോടെയും പ്രവർത്തിച്ചുകൊണ്ട് പ്രഗത്ഭനായ പാർലമെന്റേറിയൻ എന്ന ഖ്യാതിനേടി. ലോകസഭയിലെ പാനൽ ഓഫ് ചെയർമാൻ എന്ന നിലയ്ക്ക് സഭാനടപടികൾ നിയന്ത്രിക്കുവാൻ അദ്ദേഹം അനുപമമായി പ്രവർത്തിച്ചു.

പരിണതപ്രജ്ഞനായ പി. കെ. വി. ആലപ്പുഴ മണ്ഡലത്തെ പ്രതിനിധീകരിച്ച് 1977-ലും 1980-ലും നിയമസഭാംഗമായി. 1977-ൽ ശ്രീ. കെ. കരുണാകരന്റേയും തുടർന്ന് ശ്രീ. എ. കെ. ആന്റണിയുടേയും മന്ത്രിസഭകളിൽ വ്യവസായ വകുപ്പു മന്ത്രിയായി പ്രവർത്തിച്ചു. 1978 ഒക്ടോബറിൽ കേരള മുഖ്യമന്ത്രിയായി സ്ഥാനമേറ്റ പി. കെ. വി. വിശാല ഇടതുപക്ഷ മുന്നണിയുടെ രൂപീകരണത്തിന് പശ്ചാത്തലമൊരുക്കുവാനായി ഒരു വർഷത്തിനുശേഷം രാജിവച്ചു. മുഖ്യമന്ത്രിയായിരിക്കെ 1978-79-ൽ പ്രിവിലേജസ് കമ്മിറ്റി ചെയർമാനായിരുന്ന അദ്ദേഹം 1980-82 കാലഘട്ടത്തിൽ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി ചെയർമാനായും പ്രവർത്തിച്ച് ഭരണരംഗത്ത് ചുരുങ്ങിയ കാലത്തിനുള്ളിൽ തന്റെ തിളക്കമാർന്ന പ്രവർത്തനങ്ങൾ

വഴി കരുത്തുറ്റ ഭരണാധികാരി എന്ന നിലയിൽ ശ്രദ്ധ നേടി. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്താണ് കേരള നിയമസഭയുടെ പുതിയ മന്ദിരത്തിന് തറക്കല്ലിട്ടത്.

ലളിതവും ചടുലവുമായി എഴുതാൻ കഴിവുള്ള പി. കെ. വി. രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം സാഹിത്യ-സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു. ദീർഘകാലം അദ്ദേഹം കെ.പി.എ.സി.-യുടെ സാരഥ്യം വഹിച്ചിരുന്നു. കായിക രംഗത്തും അദ്ദേഹം അതീവ തൽപ്പരനായിരുന്നു. പത്ര പ്രവർത്തന രംഗത്തും നിപുണനായിരുന്ന അദ്ദേഹം 1954-57 കാലയളവിൽ ജനയുഗം പത്രത്തിന്റെയും വാരികയുടേയും എഡിറ്ററായി പ്രവർത്തിച്ചു.

വിവേകവും വിനയവും സഹാനുഭൂതിയുമുള്ള വിശാല മനസ്സിനുടമയായ പി. കെ. വി. രാഷ്ട്രീയ ഭിന്നതകൾക്കതീതമായി വ്യക്തി ബന്ധങ്ങൾ സൂക്ഷിച്ചിരുന്നു. അധികാരത്തിന്റെ തിളക്കത്തിൽ ഒരിക്കലും ആകർഷിക്കപ്പെടാതിരുന്ന അദ്ദേഹം പൊതുപ്രവർത്തനത്തിന് ലാളിത്യം കലർന്ന വ്യത്യസ്തമായൊരു മുഖം നൽകി. ലളിതമായ ജീവിതത്തിലൂടെയും സ്നേഹപൂർണ്ണമായ പെരുമാറ്റത്തിലൂടെയും അദ്ദേഹം എല്ലാവരേയും സൗഹൃദത്തിന്റെ കാന്തിക വലയത്തിലാക്കി. അദ്ദേഹത്തിന്റെ സുഹൃത്ബന്ധം അതിശയകരമാംവിധം വിപുലമായിരുന്നു.

ദേശാഭിമാനപ്രേരിതമായി പൊതുപ്രവർത്തനത്തിനിറങ്ങുകയും രാഷ്ട്രീയത്തിന്റെ പ്രയോക്താവാകുകയും ചെയ്തുകൊണ്ട് രാഷ്ട്രീയ ബന്ധങ്ങൾക്കതീതമായി വിവിധ ജനവിഭാഗങ്ങളുടെ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനാകുകയും മാന്യനായ ഒരു നല്ല മനുഷ്യൻ എന്ന സൽപ്പേര് സമ്പാദിക്കുകയും ചെയ്ത പി. കെ. വി.-യുടെ നിര്യാണം നമ്മുടെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗത്തെ തീരാനഷ്ടമാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: അന്തരിച്ച പി. കെ. വാസുദേവൻ നായരെ കുറിച്ച് അങ്ങ് പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാനും പൂർണ്ണമായി യോജിക്കുകയാണ്. രാഷ്ട്രീയത്തിലെ മാന്യതയുടെ ഒരു പ്രതിരൂപമായിരുന്നു പി. കെ. വി. തികഞ്ഞ പാർലമെന്റേറിയൻ, ഒരു മാതൃകാ പൊതുപ്രവർത്തകൻ, ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു ഭരണകർത്താവ് എന്നീ നിലകളിലെല്ലാം കേരളത്തിലെ ജനങ്ങൾ എന്നും സ്നേഹിച്ചിരുന്ന, ബഹുമാനിച്ചിരുന്ന നേതാവാണ് പി. കെ. വി. അദ്ദേഹം അധികാരത്തിൽ എത്തിയിട്ടുള്ളപ്പോൾ ജനങ്ങളിൽനിന്ന് അകന്നു നില്ക്കുവാനല്ല, മറിച്ച് ആ അധികാരം ജനങ്ങൾക്കുവേണ്ടി വിനിയോഗിക്കാനാണ് എന്നും ശ്രമിച്ചിട്ടുള്ളത്. എന്റെ ഓർമ്മയിൽ പി. കെ. വി. നിറഞ്ഞു നിൽക്കുന്നത് വ്യവസായ വകുപ്പുമന്ത്രി ആയിരുന്ന കാലഘട്ടമാണ്. അന്ന് ഞാൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്നു. അടിയന്തിരാവസ്ഥയ്ക്കുശേഷം, തൊഴിൽ മേഖലയിൽ വളരെയേറെ പ്രശ്നങ്ങൾ നിലനിന്നിരുന്ന അവസരമായിരുന്നു. അന്ന് തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പി.കെ.വി. കാട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യം അദ്ദേഹത്തിന് തൊഴിലാളികളോടും അവരുടെ പ്രശ്നങ്ങളോടുമുള്ള ആത്മാർത്ഥതയും പ്രതിബദ്ധതയും വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു. വ്യവസായ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ കേരളത്തിന്റെ വ്യാവസായിക വികസനത്തിന് അദ്ദേഹം നിർണ്ണായകമായ സംഭാവന നൽകി. മുഖ്യമന്ത്രി എന്ന നിലയിൽ ചുരുങ്ങിയ നാളുകളേ ഉണ്ടായിരുന്നുള്ളുവെങ്കിലും ആ ഒരു വർഷക്കാലം കേരളത്തിന്റെ വികസനരംഗത്ത് ശരിയായ ഒരു ദിശാബോധം നൽകുന്നതിന് അദ്ദേഹം നേതൃത്വം നൽകി. അദ്ദേഹത്തിന് മൂന്ന് വർഷംകൂടി അധികാരത്തിൽ തുടരാവുന്ന അവസരത്തിലാണ് രാജിവെച്ച് മാറുന്നത്. പാർട്ടിയുടെ തീരുമാനത്തിനുവേണ്ടി, പാർട്ടിയുടെ ഐക്യം നടപ്പിലാക്കുന്നതിനുവേണ്ടി, അങ്ങേയറ്റം ആത്മാർത്ഥതയോടെ പാർട്ടിയുടെ തീരുമാനങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹം കാട്ടിയ ആത്മാർത്ഥത ഇതിൽനിന്നും വ്യക്തമാകുന്ന ഒന്നായിരുന്നു. മുഖ്യമന്ത്രി സ്ഥാനത്തുനിന്നും മാറിയ പി.കെ.വി.-യെ പിന്നീട് നമുക്ക് കാണാൻ കഴിയുന്നത് ബസ്സുകളിലും റോഡുകളിലുമൊക്കെ ഒരു സാധാരണക്കാരനെപ്പോലെയാണ്. അധികാരത്തിൽ വന്നപ്പോൾ ജനങ്ങളോടൊപ്പം ജനങ്ങൾക്കുവേണ്ടി; അധികാരത്തിൽനിന്നും ഇറങ്ങിക്കഴിഞ്ഞപ്പോൾ ആ ലാളിത്യവും വിനയവും കൈമുതലാക്കി താൻ വിശ്വസിക്കുന്ന പാർട്ടിയുടെ ആദർശങ്ങൾ ഉയർത്തിപ്പിടിക്കുവാനും പരിപാടികൾ നടപ്പിലാക്കുവാനുമൊക്കെ നിറഞ്ഞുനിന്നു പ്രവർത്തിച്ച പി. കെ. വി.-യെ മറ്റ് നേതാക്കളിൽനിന്നും പലപ്പോഴും വിഭിന്നനായി കണ്ടിരുന്നു. പി. കെ. വി.-യുടെ നിര്യാണം പൊതു പ്രവർത്തനത്തിന് ഒരു തീരാനഷ്ടം തന്നെയാണ്. പി. കെ. വി.-യുടെ മാതൃകാ ഭരണകർത്താക്കൾക്കും പൊതുപ്രവർത്തകർക്കും എന്നും ഒരു പ്രചോദനമായിത്തീരുമെന്നാണ് എന്റെ പ്രതീക്ഷ. ആ സ്മരണയ്ക്കു മുന്നിൽ ഞാൻ തല കുനിക്കുന്നു; ആദരാഞ്ജലി അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോടും അഭിപ്രായങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. വിദ്യാർത്ഥിയായിരിക്കുമ്പോൾ വിദ്യാർത്ഥി സംഘടനകളിലെ സജീവ പ്രവർത്തകനായിരിക്കുകയും അതിനുശേഷം രാഷ്ട്രീയത്തിലേക്ക് ആകർഷിക്കപ്പെട്ടപ്പോൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനാവുകയും ചെയ്ത അദ്ദേഹം ആ മേഖലകളിൽ വളരെ സജീവമായ പ്രവർത്തനങ്ങളിലായിരുന്നു ഏർപ്പെട്ടിരുന്നത്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം വഴി സംസ്ഥാനത്തിന്റെ സംഘടനാ നേതാവും അഖിലേന്ത്യാ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതാവും എല്ലാമായി അദ്ദേഹം ക്രമാനുഗതമായി വളരുകയും ഉയരുകയും ചെയ്തു. അതുപോലെതന്നെ അദ്ദേഹം സി.പി.ഐ.-ൽ പ്രവർത്തിച്ചുകൊണ്ട് ക്രമാനുഗതമായ വളർച്ച നേടി. സംസ്ഥാനപാർട്ടി സെക്രട്ടറിയായും പിന്നീട് ദേശീയ നിർവ്വാഹകസമിതി അംഗമായും ഉയരുകയുണ്ടായി. അദ്ദേഹം പാർലമെന്റിലും അസംബ്ലിയിലും കാഴ്ചവച്ച നിസ്തുലമായ ജനസേവനം എന്നെന്നും ഓർക്കാൻ കഴിയുന്ന കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി ഏശാത്ത, ആദർശത്തിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയ ജീവിതമാണ് അദ്ദേഹം തുടർന്നത്. ഒരേ പാർട്ടിയിൽ എന്ന നിലയിലും ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ഏതാണ്ട് അരനൂറ്റാണ്ടിലേറെക്കാലത്തെ സ്നേഹബന്ധമാണ് തെങ്ങൾ തമ്മിലുണ്ടായിട്ടുള്ളത്. ഓരോ പ്രശ്നത്തെ സംബന്ധിച്ചും സമീപിക്കുമ്പോൾ ലളിതം എന്നപോലെ തന്നെ ആശയ വ്യക്തതയോടുകൂടിയും ദൃഢതരമായ രീതിയിലും ആളുകൾക്ക് മനസ്സിലാവുന്നവിധത്തിൽ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ സാമർത്ഥ്യം ഒന്നു വേറെ തന്നെയായിരുന്നു. ഇന്ന് നമ്മുടെ രാജ്യത്തെ വർഗ്ഗീയ രാഷ്ട്രീയം, ന്യൂനപക്ഷ വർഗ്ഗീയത ആയാലും ഭൂരിപക്ഷ വർഗ്ഗീയതയായാലും, മത മൗലികതയിൽ എത്തുന്നതായാലും നാം ഇവിടെ നിന്ന് കടത്തിവിട്ട, അടിച്ചോടിച്ച സാമ്രാജ്യത്വ ശക്തികളുടെ സഹായത്തോടുകൂടി നമ്മുടെ ദേശീയ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും കടന്നുകൂടാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെപ്പോലെ മതനിരപേക്ഷതയിലൂടെ ഇടതുപക്ഷ ആശയഗതികൾക്കുവേണ്ടി പോരാടുന്ന അതിശക്തനായ ഒരു പടയാളിയെ നമുക്ക് നഷ്ടമാകുന്നത് പൊതുപ്രസ്ഥാനത്തിനും പൊതു ആശയഗതികൾക്കും ഉണ്ടായിട്ടുള്ള ഒരു വലിയ നഷ്ടം തന്നെയാണ്. നമ്മളെയെല്ലാം കാണുമ്പോഴുള്ള ഹൃദ്യമായ ചിരിയും സൗമ്യമായ പെരുമാറ്റവും ഇനി ഓർമ്മ മാത്രമായി ജനഹൃദയങ്ങളിൽ അവശേഷിപ്പിച്ചുകൊണ്ട് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോടും സഖാക്കളോടുമൊപ്പം അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അഗാധമായി ദുഃഖിക്കുന്നു. ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എല്ലാവരും ബഹുമാനിക്കുന്ന കേരളത്തിന്റെ മുൻ മുഖ്യമന്ത്രി പി. കെ. വി.-യുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞ കാര്യങ്ങളോട് ഞാനും യോജിക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ ഒരു അതികായന്റെ വേർപാട് സൃഷ്ടിച്ച വേദനയിലാണ് രണ്ടുമൂന്ന് ദിവസമായി ഈ സംസ്ഥാനം. അത് ഉൾക്കൊണ്ടുകൊണ്ട് ഇന്ന് പ്രത്യേകം സമ്മേളിച്ചുകൊണ്ട് അദ്ദേഹത്തോട് പ്രകടിപ്പിക്കുന്ന നിയമസഭയുടെ ഈ ആദരവിൽ വിനീതനായ ഞാൻ എന്റെ പാർട്ടിക്കുവേണ്ടി എല്ലാവിധ ആദരാഞ്ജലിയും അർപ്പിക്കുകയാണ്. പി. കെ. വി. കേരള രാഷ്ട്രീയത്തിൽ ലാളിത്യത്തിന്റെ മുഖമുദ്രയായിരുന്നു എന്ന് എല്ലാവരും എടുത്തുപറയുകയുണ്ടായി. അദ്ദേഹത്തെ ഓർക്കുമ്പോൾ ആദ്യം ഓർമ്മിക്കുന്നത് അതുതന്നെയാണ്. വളരെ സിംപിളായ, പുഞ്ചിരിക്കുന്ന, എല്ലാവരോടും സ്നേഹം പ്രകടിപ്പിക്കുന്ന, പ്രസന്നവദനനായ മഹാനായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. അത് വളരെ പ്രധാനമാണ്. മനുഷ്യർ

തമ്മിൽ കാണുമ്പോൾ വളരെ വലിയ സൗഹൃദം പ്രകടിപ്പിക്കുന്ന പ്രസന്നതയാർന്ന ആ മുഖം എപ്പോഴും സന്തോഷം നൽകുന്നതാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സാമീപ്യം വളരെ സന്തോഷമുള്ള കാര്യമായി അവർക്കും തോന്നും. യോഗങ്ങൾ നടക്കുമ്പോൾ പി. കെ. വി. മുൻമുഖ്യമന്ത്രി എന്ന നിലയിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. വ്യവസായ വികസനത്തെക്കുറിച്ചൊക്കെ അദ്ദേഹം പറയുമ്പോൾ വളരെ പ്രായോഗികമായി സംസാരിക്കുന്നു എന്നുള്ളത് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അദ്ദേഹത്തിന്റേതായ സംഭാവന ഈ രംഗത്തൊക്കെയുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. കേരളത്തിലുണ്ടായ സാമൂഹിക മാറ്റങ്ങളിലായാലും വിദ്യാഭ്യാസ-വ്യാവസായിക പുരോഗതിയിലായാലും പി. കെ. വി.-യുടെ നിസ്തുലമായ പങ്കുണ്ട്. കുറച്ചുകാലം അദ്ദേഹത്തിന്റെ പാർട്ടിയും എന്റെ പാർട്ടിയും യോജിച്ചു പ്രവർത്തിച്ചപ്പോഴുള്ള പല അനുഭവങ്ങളും പാർട്ടി നേതാക്കന്മാർ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് അന്ന് എടുത്ത തീരുമാനങ്ങളിൽ വലിയ ഉത്സാഹപൂർവ്വം അദ്ദേഹം പിന്തുണ നൽകിയിട്ടുണ്ട്. കേരളത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ പോകാതിരുന്ന ജനസമൂഹങ്ങളുടെ മാറ്റങ്ങൾക്കൊക്കെ കാരണമായത് ഇത്തരം നേതാക്കളുടെ അകമഴിഞ്ഞ സഹകരണവും പ്രവർത്തനവുമൊക്കെയാണ്. അത്തരം വിശാലമനസ്ക്കരായ, എല്ലാം ഉൾക്കൊള്ളാൻ കഴിയുന്ന നേതാക്കന്മാരുടെ വേർപാട് സംസ്ഥാനത്തിന് നഷ്ടം തന്നെയാണ്. സംസ്ഥാനത്തിന്റെ മതസൗഹാർദ്ദമൊക്കെ നിലനിർത്തിക്കൊണ്ടുപോകുന്ന, എല്ലാ വിഭാഗങ്ങളുടേയും പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പോകുന്ന നേതാക്കൻമാരുടെ അഭാവം വലിയ പ്രശ്നം തന്നെയാണ് സൃഷ്ടിക്കുന്നത്. അതുകൊണ്ടുതന്നെ കാരണവരായ, എല്ലാവരും ബഹുമാനിക്കുന്ന മുൻമുഖ്യമന്ത്രി പി. കെ. വി.-യുടെ നിര്യാണം വലിയ നഷ്ടമാണ്. ഞാൻ അദ്ദേഹത്തിന്റെ കുടുംബത്തോടും അദ്ദേഹത്തിന്റെ പാർട്ടിയോടും അദ്ദേഹത്തെ സ്നേഹിക്കുന്ന ലക്ഷക്കണക്കായ ആളുകളോടും എന്റെയും എന്റെ പാർട്ടിയുടെയും പേരിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: പ്രിയങ്കരനായ സഖാവ് പി. കെ. വാസുദേവൻ നായരുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. സഖാവ് പി. കെ. വി.-യുടെ നിര്യാണവാർത്തയറിഞ്ഞ് അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കാനായി ഞങ്ങളുടെ പാർട്ടി ഓഫീസായ എം. എൻ. സ്മാരക മന്ദിരത്തിലും സെക്രട്ടേറിയറ്റ് ഡർബാർ ഹാളിലും അദ്ദേഹത്തിന്റെ മൃതദേഹം പൊതു

LIBRARY ARCHIVES Kerala Legislative Assembly

ദർശനത്തിന് വച്ച സന്ദർഭത്തിലും തുടർന്ന് വിലാപയാത്രയായി അദ്ദേഹത്തിന്റെ വീട്ടിലേക്ക് അതായത് പുല്ലുവഴിയിലേക്ക് കൊണ്ടുപോയപ്പോഴും വഴിയിൽ മണിക്കൂറുകളോളം പതിനായിരക്കണക്കിന് ജനങ്ങൾ പി. കെ. വി.-യോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കാൻ തടിച്ചുകൂടിയതാണ് മൃതദേഹവും വഹിച്ചുകൊണ്ടുള്ള വാഹനത്തിൽ സഞ്ചരിച്ചപ്പോൾ എനിക്ക് കാണാൻ കഴിഞ്ഞത്. വലിപ്പച്ചെറുപ്പമില്ലാതെ ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള ജനങ്ങളാണ് ഓരോ സ്ഥലത്തും ഉണ്ടായിരുന്നത്. എല്ലാവരും വന്ന് അവരുടെ ആദരവും ബഹുമാനവുമൊക്കെ പ്രകടിപ്പിച്ചു. ഞങ്ങൾ അത് ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയാണ്. പി. കെ. വി. കഴിഞ്ഞ കുറേ ദിവസങ്ങളായി രോഗം ബാധിച്ച് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ചികിൽസയിലായിരുന്നു. പ്രധാനമന്ത്രിയും ലോക്സഭാ സ്പീക്കറും വേണ്ട കാര്യങ്ങളൊക്കെ ആശുപത്രിയിൽ ചെയ്തിരുന്നു. ഡോക്ടർമാരൊക്കെ അദ്ദേഹത്തിന്റെ സൗഖ്യത്തിനു വേണ്ടി വളരെ പരിശ്രമം നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യങ്ങൾ അന്വേഷിച്ചിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറും ഡൽഹിയിൽ ആശുപത്രിയിൽ പോയി കാര്യങ്ങൾ അന്വേഷിച്ചിരുന്നു. എല്ലാ പരിശ്രമങ്ങളും വൃഥാവിലാക്കി അദ്ദേഹം ചൊവ്വാഴ്ച നമ്മെ വിട്ടുപിരിയുകയാണുണ്ടായത്. പി. കെ. വി. അവസാനമായി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽനിന്നൊക്കെ വിട്ടുനിന്നിരുന്നെങ്കിലും പാർട്ടി സഖാക്കളുടേയും ഇടതുപക്ഷ മുന്നണിയിലെ പ്രവർത്തകരുടേയും സുഹൃത്തുക്കളുടേയും സ്നേഹപൂർവ്വമായ നിർബന്ധം കാരണമാണ് തെരഞ്ഞെടുപ്പ് മത്സരത്തിന് തയ്യാറായത്. നല്ല ഭൂരിപക്ഷത്തോടുകൂടി ജയിച്ച് പാർലമെന്റിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാർലമെന്ററി പാർട്ടി ഗ്രൂപ്പിന്റെ ലീഡറായി, ഇടതുപക്ഷ ബ്ലോക്കിന്റെ മുഖ്യ നേതാക്കൻമാരിൽ ഒരാളായി പ്രവർത്തിച്ചു വരികയായിരുന്നു. പാർട്ടിയുടെ കേന്ദ്ര സെക്രട്ടേറിയറ്റ് മെമ്പറായി ദേശീയ നേതൃത്വത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ് അദ്ദേഹം പെട്ടെന്ന് അസുഖത്തിന് അടിമപ്പെട്ടതും ചികിൽസയ്ക്കായി ആശുപത്രിയിലായതും. അദ്ദേഹം പാർലമെന്റിൽ ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്നു. ഏറ്റവും അവസാനം അദ്ദേഹം പങ്കെടുത്തത് ജൂൺ 29-ാം തീയതി കൂടിയ ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലായിരുന്നു. മുഴുവൻ സമയവും അദ്ദേഹം അതിൽ പങ്കെടുത്തു. കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ എല്ലാ നേതാക്കളേയും ഈ യോഗത്തിൽ വിളിച്ചുവരുത്തിയിരുന്നു. നമുക്കുകൂടി ഗുണം കിട്ടാവുന്ന ഇ.എസ്.ഐ.-ൽ ഒരുപാട് മാറ്റങ്ങൾ വരുത്താനുള്ള ചില നല്ല നിർദ്ദേശങ്ങളും ചർച്ചകളുമായിരുന്നു അന്ന് നടത്തിയത്. അസംഘടിത തൊഴിലാളികളുടെ ജീവിത നിലവാരത്തേയും ക്ഷേമപ്രവർത്തനങ്ങളേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള കുറേ നല്ല തീരുമാനങ്ങളും നിർദ്ദേശങ്ങളും ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി സമർപ്പിച്ചു. അതിലും നമ്മുടെ സ്റ്റേറ്റിന് ഒരുപാട് ഗുണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാവുന്നതാണ്. അതിലൊക്കെ പി. കെ. വി.-യുടെ താല്പര്യവും മുൻകൈയും ശ്രദ്ധയും ഉണ്ടായിരുന്നു. അദ്ദേഹം കേരളത്തിൽ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് കേരളത്തിലെ വിവിധ മേഖലകളിലെ തൊഴിലാളികളുടെ നിരവധി പ്രശ്നങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. ഇത്തരം ചുമതല വഹിക്കുന്ന സന്ദർഭത്തിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജീവിത നിലവാരം ഉയർത്താനുമുള്ള പരിശ്രമത്തിലും അദ്ദേഹം ഏർപ്പെട്ടിരുന്നു. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തെ പ്രതിനിധീകരിച്ച പാർലമെന്റ് മെമ്പർ, ദീർഘകാലത്തെ കേരളത്തിലെ ഒരു ഭരണാധികാരി തുടങ്ങിയ നിലകളിലെല്ലാമുള്ള അദ്ദേഹത്തിന്റെ അനുഭവസമ്പത്തും തിരുവനന്തപുരവുമായിട്ടുള്ള അദ്ദേഹത്തിന്റെ ഉറ്റ ബന്ധവും മുൻനിർത്തി തലസ്ഥാന നഗരിയുടെ വികസനത്തിനുവേണ്ടി വളരെയധികം കാര്യങ്ങൾക്ക് അദ്ദേഹം നേതൃത്വം കൊടുത്തുവരികയായിരുന്നു. റെയിൽവേ വികസനത്തിന്റെ കാര്യത്തിലായാലും കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലായാലും, പ്രത്യേകിച്ച് തലസ്ഥാന നഗരിയുടെ വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കൂറേ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകുകയും, മുൻകൈയെടുക്കുകയും ചെയ്തിരുന്നു. വിദ്യാർത്ഥി രംഗത്തിലൂടെ എ.ഐ.എസ്.എഫ്.-ന്റെ പ്രവർത്തകനായി വന്നതുകൊണ്ടായിരിക്കാം പല മേഖലകളിലും അദ്ദേഹത്തിന് തന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടി വന്നിട്ടുള്ളത്. കർഷക പ്രസ്ഥാനത്തിലും ട്രേഡ് യൂണിയൻ രംഗത്തും വിവിധ മേഖലകളിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തെ ഏറ്റവും ആകർഷിച്ചത് വിദ്യാർത്ഥി ഫെഡറേഷൻ തന്നെയാണ്. അതുകൊണ്ട് വിദ്യാർത്ഥി സംഘടനയിലൂടെ വന്ന പ്രവർത്തകരോടൊക്കെ അദ്ദേഹം കാണിച്ചിരുന്ന സ്നേഹവും വാൽസല്യവും അനുഭവിച്ചവരാണ് ഞങ്ങൾ. ചെറുപ്പക്കാരായ സഖാക്കളെ വളർത്തിക്കൊണ്ടുവരാനും, പ്രോൽസാഹനം നൽകാനും അവരെ നേതൃനിരയിലേക്ക് നല്ല പൊതുപ്രവർത്തകരായി വളർത്തിക്കൊണ്ട് വരാനുള്ള താൽപ്പര്യവും അദ്ദേഹം എപ്പോഴും കാണിച്ചിരുന്നു. അതുപോലെ തന്നെ കേരളത്തിന്റെ പ്രശ്നങ്ങളിൽ—അത് ഏത് മേഖലയിലായാലും കല ആയാലും സാംസ്കാരികമായാലും മറ്റ് സാമൂഹിക പ്രശ്നങ്ങളായാലും—ഇടപെടാനും എല്ലാവരുമായി നല്ല ബന്ധം സ്ഥാപിക്കാനും നാടിന് വേണ്ടിയും ജനങ്ങൾക്കുവേണ്ടിയും നല്ലവണ്ണം പ്രവർത്തിക്കാനും എല്ലാവരുമായി നല്ല ബന്ധം നിലനിർത്താനുമൊക്കെ കഴിഞ്ഞതുകൊണ്ടാണ് അദ്ദേഹത്തിന് ഈ അംഗീകാരം കിട്ടിയത്. ജനങ്ങൾ അദ്ദേഹത്തെ അത്രമാത്രം സ്നേഹിച്ചിരുന്നു. ആ സ്നേഹവും അടുപ്പവും അവർക്ക് തിരിച്ച് നൽകുകയും എപ്പോഴും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത ഒരു നേതാവായിരുന്നു പി. കെ. വി. അദ്ദേഹം കാണിച്ചുതന്ന വഴിയിലൂടെ തുടർന്നും മുന്നോട്ടുപോകാൻ, കൂടുതൽ ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ കൂടുതൽ ഉത്തരവാദിത്വങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്തുകൊണ്ട് പ്രവർത്തിക്കാൻ അതിനുള്ള തയ്യാറെടുപ്പുമായി പതിനായിരക്കണക്കിന് പ്രവർത്തകരും സഖാക്കളും ഉയർന്നുവന്നിരിക്കുന്നു. ഭാവിയിലേക്കുള്ള പ്രത്യാശ ഈ സന്ദർഭത്തിൽ നമുക്ക് കൂടുതൽ ആവേശം പകരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസ്റ്റ് പാർട്ടി സഖാക്കൾക്ക് താങ്ങാൻ കഴിയാത്തത്ര ദുഃഖവും വേദനയുമാണ് അദ്ദേഹത്തിന്റെ വേർപാടിൽ ഉണ്ടായിട്ടുള്ളത്. സഖാവ് പി. കെ. വി. യുടെ സ്മരണ എന്നും ആവേശം നൽകുന്നതാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): സഖാവ് പി. കെ. വി. യെപ്പറ്റി അങ്ങും പ്രതിപക്ഷ നേതാവും മറ്റ് നേതാക്കളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളുമായിട്ട് ഞാനും യോജിക്കുകയാണ്. പി. കെ. വി. ഡൽഹിയിൽ ആശുപത്രി വിട്ടതിനുശേഷം കേരള ഹൗസിൽ വിശ്രമം എടുത്തിരുന്ന ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ റൂമിൽ ചെല്ലുകയും അരമണിക്കൂർ സൗഹൃദം പങ്കിടുകയും തമാശ പറയുകയുമൊക്കെ ചെയ്തത് എന്റെ മനസ്സിൽ കടന്നുവരികയാണ്. അദ്ദേഹം ഇത്ര പെട്ടെന്ന് നമ്മെ വിട്ടുപിരിയുമെന്ന് ഒരിക്കലും ഓർത്തിരുന്നതല്ല. എല്ലാം ദൈവ നിശ്ചയം. സഖാവ് പി. കെ. വി.-യെ സ്മരിക്കുമ്പോൾ പ്രധാനമായി പറയേണ്ടത് അദ്ദേഹത്തിന്റേത് ബഹുമുഖ വ്യക്തിത്വമായിരുന്നു എന്നതാണ്. ഭരണകർത്താവ് എന്ന നിലയിലും എഴുത്തുകാരൻ, വാഗ്മി എന്നീ നിലകളിലുമുള്ള ബഹുമുഖ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ സിദ്ധികളെല്ലാം സുതാര്യത, സംശുദ്ധി, നൈർമല്യം എന്നിവ നിറഞ്ഞതാണ്. വാസ്തവത്തിൽ പറഞ്ഞാൽ ഇങ്ങനെയുള്ള നേതാക്കൾ വളരെ വിരളമാണ്. ഇങ്ങനെയുള്ള നേതാക്കളുടെ വേർപാട് കേരളത്തെ സംബന്ധിച്ചിടത്തോളം പൊതു പ്രവർത്തനരംഗത്ത് ഏറ്റവും വലിയ നഷ്ടമാണ് വരുത്തിയിട്ടുള്ളതെന്ന് നമുക്കറിയാം. പി. കെ. വി.-യെപ്പറ്റി സ്മരിക്കുമ്പോൾ ഒരു കാര്യം ഓർമ്മ വരികയാണ്. അദ്ദേഹം മുഖ്യമന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം അദ്ദേഹത്തിന്റെ ചേമ്പറിൽവച്ച് നടന്ന ഇംഗ്ലീഷിലുള്ള ഒരു അഭിമുഖം എനിക്ക് ഓർമ്മ വരികയാണ്. ഞാൻ അവിടെ സന്നിഹിതനായിരുന്നു. 1957-ൽ ലോക്സഭയിൽ ആദ്യമായി ബാലറ്റ് പെട്ടിയിലൂടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം, 1959-ലെ അതിന്റെ പതനം, 1964-ൽ പാർട്ടിയുടെ ഭിന്നിപ്പ്, അതിനുശേഷം അച്ചുതമേനോന്റെ നേതൃത്വത്തിൽ ഉണ്ടായ ധ്രുവീകരണം, അവസാനം ഒരു ജനാധിപത്യമുന്നണിയുടെ സാരഥ്യം, തന്നിലേക്ക് വന്ന രാഷ്ട്രീയമായിട്ടുള്ള പരിണാമം, ഗവൺമെന്റിന്റെ നയങ്ങൾ, താൻ നടത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഇതേപ്പറ്റിയെല്ലാം പത്ത് മിനിട്ട് സമയംകൊണ്ട് അദ്ദേഹം ചെയ്ത ഇംഗ്ലീഷിലെ

LIBRARY ARCHIVES Kerala Legislative Assembly

സംഭാഷണം വാസ്തവത്തിൽ ഞാൻ ഇന്നും ഓർക്കുകയാണ്. ഇത്ര ക്ലാരിറ്റിയോടുകൂടി, സ്ഫുടമായി, ഭംഗിയായി, ലളിതമായി കാവ്യാത്മകതയോടുകൂടി സംസാരിക്കാൻ കഴിയുന്ന രാഷ്ട്രീയ നേതാവ് കേരളത്തിൽ ഉണ്ടോയെന്ന് എനിക്ക് സംശയമാണ്. പി. കെ. വി.-യെ സ്മരിക്കുമ്പോൾ ഇപ്പോഴും മനസ്സിൽ ഓർമ്മ വരുന്നത് അതാണ്. അതുകൊണ്ടാണ് അദ്ദേഹം ഒരു നല്ല പാർലമെന്റേറിയനായത്. അദ്ദേഹം രണ്ട് വാചകം പറയുമ്പോൾ സഭയുടെ ശ്രദ്ധ പിടിച്ചുപറ്റുവാനും സഭയെ ആകർഷിക്കുവാനും കഴിയുന്നു. പണ്ഡിറ്റ്ജിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രതിപക്ഷ മെമ്പർമാരിൽ ഒരാളായിരുന്നു പി. കെ. വി. ഡൽഹി ലേഖകനായിരുന്ന എം. എസ്. മണിയുടെ കേരള കൗമുദിയിലെ അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകളിലെ ചില വാചകങ്ങൾ ഞാൻ ഓർക്കുകയാണ്. പണ്ഡിറ്റ്ജി പ്രസംഗിച്ചതിന് മറുപടി പറയുമ്പോൾ പി. കെ. വി. ഇടപെടുന്നു. പണ്ഡിറ്റ്ജി മറുപടി പറയുന്നു. വീണ്ടും പി.കെ.വി. കുത്തുന്നതിന് പണ്ഡിറ്റ്ജി ഇടപെടുന്നു. പിന്നീട് അതിന് അനുകൂലമായി പ്രതികരിക്കുന്നു. പണ്ഡിറ്റ്ജി പോലും വളരെ അധികം പ്രശംസിച്ച പാർലമെന്റേറിയൻ എന്ന നിലയിൽപ്പോലും വളർന്നുവന്ന ഒരാളായിരുന്നു പി. കെ. വി. 31-ാം വയസ്സിൽ തിരുവല്ലയിൽ നിന്ന് എം.പി. ആകുന്നു. അതിന് ശേഷം അദ്ദേഹം പടിപടിയായി ഉയർന്നു. അതുപോലെ പാനൽ ഓഫ് ചെയർമാൻ ആയതിന് ശേഷം അദ്ദേഹം തന്റെ കഴിവ് പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹം ഒരു മോഡറേറ്റർ ആയിരുന്നു. മന്ത്രിസഭയിലായാലും, മുന്നണിയിലായാലും, പാർട്ടിയിലായാലും, മറ്റ് എവിടെയായാലും പി. കെ. വി. ഒന്നു പറഞ്ഞാൽ അത് അവസാനത്തെ വാക്ക് ആയിരുന്നു. ഞാനും പി. കെ. വി.-യും ഒരു നാട്ടുകാരായിരുന്നു. മീനച്ചിൽ താലൂക്കിലായിരുന്നു അദ്ദേഹം ജനിച്ചതും വളർന്നതും പഠിച്ചതും രാഷ്ട്രീയ ജീവിതം ആരംഭിച്ചതുമെല്ലാം. ഞങ്ങൾ തമ്മിൽ പ്രായത്തിൽ വ്യത്യാസമുണ്ട്, തലമുറയുടെ വ്യത്യാസമുണ്ട്. എങ്കിലും വളരെയധികം അടുത്ത് പെരുമാറാനും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനും കഴിഞ്ഞു. സഹോദര തുല്യമായ സ്നേഹത്തോടെയാണ് എന്നോട് പെരുമാറിയിരുന്നത്. അതിനുശേഷം അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ഞാൻ വരുന്ന കാര്യം ഓർക്കുകയാണ്. ഞാനും സി. എച്ച്. മുഹമ്മദ് കോയയും ഹൈക്കോടതിയിലെ കേസിന്റെ അടിസ്ഥാനത്തിൽ രാജിവച്ചു. പിന്നീട് ഞങ്ങൾ 1978 സെപ്റ്റംബറിൽ തിരിച്ച് മന്ത്രിസഭയിൽ വന്നു. ഞാൻ ആ മന്ത്രിസഭയിൽ ആഭ്യന്തര വകുപ്പുമന്ത്രിയായി ഒരു മാസം കഴിഞ്ഞപ്പോഴാണ്, ഒക്ടോബറിൽ അദ്ദേഹം മുഖ്യമന്ത്രിയായത്. എനിക്ക് അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായിരിക്കാൻ ഭാഗ്യമുണ്ടായി. അങ്ങനെയാണ് എനിക്ക് അദ്ദേഹത്തിന്റെ മഹനീയ വ്യക്തിത്വത്തെ സംബന്ധിച്ച് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ നിലയ്ക്ക് വളരെ തിളക്കമാർന്ന, മഹനീയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഏത്

LIBRARY ARCHIVES Kerala Legislative Assembly

ജോലി ഏത് സ്ഥാനത്തിരുന്ന് ചെയ്താലും അത് ഒരു നിയോഗമായി കരുതി അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ഡെഡിക്കേഷൻ അത്രമാത്രം പ്രശംസനീയമാണ്. ഒരു കർമ്മയോഗിയെയാണ് പി.കെ.വി.-യുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടപ്പെട്ടത്. ആ കർമ്മയോഗിയുടെ അനുസ്മരണയ്ക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു. എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയേയും പ്രസ്ഥാനത്തേയും ഞാൻ അറിയിക്കുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, മുൻ മുഖ്യമന്ത്രിയും സി.പി.ഐ. പാർലമെന്ററി പാർട്ടി നേതാവുമായിരുന്ന പി. കെ. വി.-യുടെ നിര്യാണത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് ബഹുമാന്യരായ കക്ഷി നേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. സംസ്ഥാനത്ത് ഏത് ഭാഗത്ത് പി. കെ. വി. പ്രസംഗിക്കുന്നു എന്നു പറഞ്ഞാലും കക്ഷിവ്യത്യാസമില്ലാതെ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ആളുകൾ വരുമായിരുന്നു. കാര്യങ്ങൾ വിശദീകരിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവും, മാന്യമായ ജീവിത ശൈലിയും, പി. കെ. വി.-ക്ക് കേരളത്തിലെ ജനങ്ങളുടെ ഇടയിൽ പി. കെ. വി.-യുടേതായിട്ടുള്ള വ്യക്തിത്വം നേടിക്കൊടുത്തിരുന്നു. പി.കെ.വി.യെ മനസ്സിലാക്കി ശ്രദ്ധിക്കാൻ നമ്മുടെ നാട്ടിലെ ജനങ്ങൾ സന്നദ്ധരായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ 31-ാമത്തെ വയസ്സിൽ പാർലമെന്റ് അംഗമായി, മുഖ്യമന്ത്രിയായി, മന്ത്രിയായി പല വകുപ്പുകളും കൈകാര്യം ചെയ്ത അദ്ദേഹം പലപ്പോഴും താമസിച്ചിരുന്നത് എം.എൽ.എ ഹോസ്റ്റലിലെ സാധാരണ മുറിയിലായിരുന്നു. സഹപ്രവർത്തകർ അദ്ദേഹത്തെ കാണാൻ പോകുന്നതും സഹപ്രവർത്തകരുമായി ചർച്ച ചെയ്യുന്നതും എം.എൽ.എ. ഹോസ്റ്റലിലെ മുറിയിലായിരുന്നു. വളരെ ലളിതമായ രീതിയിൽ ജീവിച്ച അദ്ദേഹം മുന്നണിയുടെ യോഗത്തിൽ വന്നാൽ മറ്റ് പ്രമുഖരായ നേതാക്കൾ പങ്കെടുക്കുന്നതുപോലെ ആ യോഗത്തിന് ഒരു പ്രത്യേക ഗാംഭീര്യം ഉണ്ടായിരുന്നു. അദ്ദേഹം രോഗത്തിന് അടിമപ്പെട്ട അവസരത്തിൽ ഒരു ചെറിയ ആശ്വാസമുണ്ടായാൽ തന്റെ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി തന്റെ വേദനകൾ സഹിച്ചുകൊണ്ട് പരിപാടികളിൽ പങ്കെടുക്കാനും പ്രക്ഷോഭണങ്ങൾ ഉദ്ഘാടനം ചെയ്യാനും സന്നദ്ധനായിരുന്നു എന്ന് നമുക്ക് ബോധ്യമുണ്ട്. അദ്ദേഹം ചികിത്സയിലായിരുന്ന അവസരത്തിൽ ഡോക്ടർമാർ രോഗികളോട് എങ്ങനെ പെരുമാറണം എന്നത് സംബന്ധിച്ച് ചികിത്സിച്ച ഡോക്ടർമാരോട് അഭിപ്രായം പറഞ്ഞു. ഒരുപക്ഷേ അത് അദ്ദേഹത്തിന്റെ അവസാനത്തെ പ്രധാനപ്പെട്ട അഭിപ്രായ പ്രകടനം ആയിരിക്കാം എന്നുള്ള രൂപത്തിൽ പത്രത്തിൽ വന്നു. അങ്ങനെ എല്ലാ തരത്തിലും കഴിഞ്ഞ കുറേക്കാലങ്ങളിലായി കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ സാമൂഹ്യ രംഗം വളർത്തിക്കൊണ്ടുവന്ന പ്രമുഖരായ നേതാക്കളിൽ തന്റേതായ വ്യക്തിത്വം നിലനിർത്തിയ പി.കെ.വി.യുടെ നിര്യാണംമൂലം അദ്ദേഹത്തിന്റെ പ്രസ്ഥാനമായ സി.പി.ഐ.-ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും ഉണ്ടായ നഷ്ടത്തിൽ ഞാനും എന്റെ പാർട്ടിയും പങ്ക് ചേരുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, അങ്ങും, സഭാ നേതാവും പ്രതിപക്ഷ നേതാവും ഭരണപക്ഷ നേതാക്കളും സഖാവ് പി. കെ. വി.-യെപ്പറ്റി പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. ഏതാണ്ട് ഒരേ കാലത്താണ്, 1947-ൽ ആണ് ഞാനും അദ്ദേഹവുമെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗങ്ങളാകുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി അന്ന് നിയമവിരുദ്ധമാണ്. ആ കാലഘട്ടത്തിൽ ആദ്യം പി. കെ. വി.-യെ ഞാൻ കാണുന്നത് ഞാൻ കോടതിയിലേക്ക് പോകുന്ന വഴിയിൽ ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂളിന് മുൻവശത്ത് റോഡിൽ ചേർത്തല സ്കൂളിലെ കുട്ടികൾ പഠിപ്പുമുടക്കി മുദ്രാവാക്യംവിളിയുമായി നിൽക്കുന്നത് പുറത്തുനിന്ന് നോക്കിക്കണ്ട് നിൽക്കുന്നതാണ്. ഞാൻ അന്ന് വണ്ടി നിർത്തി ആരാണ് എന്നു ചോദിച്ചപ്പോഴാണ് എസ്.എഫ്.-ന്റെ പ്രവർത്തകനാണെന്ന് പറഞ്ഞത്. അന്നാണ് ഞങ്ങൾ പരിചയപ്പെടുന്നത്. പാർട്ടിയിൽ സാധാരണ മെമ്പറായി, സംസ്ഥാന കമ്മിറ്റിമെമ്പറായി, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉന്നത കമ്മിറ്റി വരെ ഉയർന്ന നിലയിൽ പാർട്ടി പ്രവർത്തനവും, രാഷ്ട്രീയ വേദിയിൽ ദേശീയ തലത്തിലുള്ള എം.എൽ.എ., എം. പി., വ്യവസായ വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നീ നിലയിലേക്കും ഉയർന്ന്, പാർട്ടിനേതാവുമായി വളർന്ന പി. കെ. വി.--കമ്മ്യൂണിസ്റ്റ് പാർട്ടി ഭിന്നിച്ച അവസരത്തിൽ സി.പി.ഐ.-യിൽ നിൽക്കുകയും ഞാൻ സി.പി.എം.--ലേക്ക് പോകുകയും ചെയ്തു എങ്കിലും ഞങ്ങൾ തമ്മിലുള്ള സൗഹൃദം അവസാനം വരെ നിലനിന്നു. മറ്റു പാർട്ടിയിലുള്ള ഒരു സഖാക്കളെപ്പറ്റിയും പി. കെ. വി. പൊതുവേദിയിൽ മോശ അഭിപ്രായം പറഞ്ഞതായി കേട്ടിട്ടില്ല. ഞങ്ങൾ ഒന്നിച്ചു പ്രവർത്തിച്ചപ്പോൾ അന്ന് ഏത് വിധത്തിലുള്ള സൗഹൃദം പുലർത്തിയിരുന്നോ ആ സൗഹൃദം അവസാന കാലം വരേയും പി. കെ. വി. പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിലും വിശ്വസിക്കുന്ന ഐഡിയോളജിയിലും ഉറച്ചുനിന്നുകൊണ്ടുതന്നെയാണ് അദ്ദേഹം പ്രവർത്തിച്ചത്. ഇവിടെ പലരും പറഞ്ഞതുപോലെ പി. കെ. വി.-യെ എപ്പോഴും പുഞ്ചിരിയോടെ മാത്രമേ കാണാൻ കഴിയൂ. ഒരിക്കലും അദ്ദേഹത്തിന് ദുഃഖം ഉള്ളതായി തോന്നിയിട്ടില്ല; വിദ്വേഷമുള്ളതായും. എപ്പോഴും പുഞ്ചിരിക്കുന്ന, ആളുകളോട് സൗമനസ്യമായി, വിനയത്തോടെ പെരുമാറുന്ന, നല്ല നിലയിൽ പാർട്ടി പ്രവർത്തനങ്ങൾ നടത്തുന്ന, ജനങ്ങളെ സ്നേഹിക്കുന്ന, ജനങ്ങളുടെ സ്നേഹം സമ്പാദിക്കുന്ന പി.കെ.വി. മറ്റ് പല രാഷ്ട്രീയ പ്രവർത്തകരിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തനാണ്. ആ വിധത്തിൽ പി. കെ. വി.-യുടെ വ്യക്തിത്വം പ്രത്യേകമായി കാണേണ്ടതു തന്നെയായിരുന്നു. അദ്ദേഹം കേരളത്തിനും ഇൻഡ്യയ്ക്കും മൊത്തം നൽകിയിട്ടുള്ള സംഭാവന വിലയിരുത്തുമ്പോൾ തീർച്ചയായും വലിയ നഷ്ടമാണ് നമുക്കും രാജ്യത്തിനും വന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയോടും അദ്ദേഹത്തിന്റെ കുടുബാംഗങ്ങളോടും എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം രേഖപ്പെടുത്തുന്നു. ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, പ്രിയങ്കരനായ പി. കെ. വി.-യെപ്പറ്റി ബഹുമാന്യനായ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുകയാണ്. അദ്ദേഹം കളങ്കരഹിതമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു. ഒരു തരത്തിൽ മാതൃകാ രാഷ്ട്രീയ നേതാവായിരുന്നു എന്ന് പറയാവുന്നതാണ്. പി. കെ. വി. കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായി പ്രവർത്തിച്ച കാലഘട്ടത്തിൽ ഒരു ട്രേഡ് യൂണിയൻ പ്രവർത്തകൻ എന്ന നിലയിൽ എനിക്ക് വ്യവസായ രംഗത്തെ നിരവധി പ്രശ്നങ്ങളുമായി അടുത്ത് ബന്ധപ്പെടാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ തൊഴിലാളികളോടും കർഷകരോടുമുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയിൽ ആദ്യം ഒരു പുനഃസംഘടനാ പദ്ധതിക്ക് തുടക്കമിട്ടത് പി. കെ. വി. വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്. പരമ്പരാഗത വ്യവസായങ്ങളുടെ ആരംഭകാലം, ചില പരമ്പരാഗത വ്യവസായങ്ങളുടെ രംഗത്തേക്ക് പൊതുമേഖല കടന്നുവരുന്ന കാലം; ആ പൊതുമേഖലയെ തകർക്കാൻ പല ഭാഗത്തുനിന്നും ആക്രമണങ്ങൾ ഉണ്ടായപ്പോൾ പി. കെ. വി.-യുടെ ദൃഢനിശ്ചയത്തിന്റെ പേരിൽ അത്തരം സ്ഥാപനങ്ങളെ നിലനിർത്തുവാനും പിന്നീടത് കൂടുതൽ അഭിവൃദ്ധിയിലേക്കും, ഉയർച്ചയിലേക്കും കൊണ്ടു വരുന്നതിനും പി. കെ. വി. പരിശ്രമിച്ചുവെന്നതാണ് കേരളത്തിലെ പരമ്പരാഗത വ്യവസായത്തിൽ പണിയെടുക്കുന്ന ഇന്ന് ജീവിക്കുന്ന തൊഴിലാളികൾക്ക് പി. കെ. വി.-യെ സംബന്ധിച്ചുള്ള ചിന്ത. അദ്ദേഹം പാർലമെന്റിൽ അവസാനകാലഘട്ടത്തിൽ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്നു. അത് ഞങ്ങൾക്ക് വലിയ പ്രതീക്ഷയായിരുന്നു. കാരണം ഇ.എസ്.ഐ. നിയമത്തിൽ ഒരു ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. ആ ഭേദഗതി മറ്റൊന്നുമല്ല. സ്ഥാപനങ്ങൾ വ്യവസായികൾ അടച്ചിടുമ്പോൾ അടച്ചുപൂട്ടുന്ന കാലഘട്ടത്തിൽ തൊഴിലാളികൾക്ക് ജീവിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉതകുന്ന തരത്തിലൊരു പദ്ധതി, അവർക്കൊരു തൊഴിലില്ലായ്മ വേതനം നൽകുന്നതരത്തിലുള്ള ഒരു പദ്ധതിക്കുവേണ്ടി നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചർച്ചയിലുണ്ടായിരുന്നു. കേന്ദ്ര തൊഴിലാളി നേതാക്കന്മാരെ വിളിച്ചുവരുത്തി അദ്ദേഹം പല പ്രാവശ്യം അക്കാര്യം ചർച്ച നടത്തിയതാണ്. ഒരവസരത്തിൽ എനിക്ക് ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ഹാജരാകാൻ കഴിഞ്ഞു എന്നതാണൊരു പ്രത്യേകത. അതുകൊണ്ടാണ് എനിക്ക് ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചത്. 1995-ൽ പ്രോവിഡന്റ് ഫണ്ട് നിയമത്തിൽ ചില ഭേദഗതി വരുത്തിക്കൊണ്ടാണ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയത്. 1998-ൽ പെൻഷൻ പദ്ധതിയിൽ ചില ഭേദഗതികൾ വരുത്തി. അതിന്റെ ഫലമായിട്ടാണ് ആ പെൻഷൻ ഇനത്തിൽ ഓപ്ഷനോടുകൂടി വലിയ തുക എല്ലാ വിഭാഗം തൊഴിലാളികൾക്കും ലഭിക്കുന്നത്. ഇന്ത്യയിലെ തൊഴിലാളികൾക്ക് വലിയ ഒരു അനുഗ്രഹമായി തീർന്നിട്ടുള്ളതാണ് പ്രോവിഡന്റ് ഫണ്ട് പെൻഷൻ സ്കീം. അത് കൂടുതൽ ആളുകൾക്ക് ലഭിക്കുന്നതിന് ഉതകുന്ന തരത്തിൽ അതിലും ഒരു നിയമഭേദഗതി വരുത്താൻ പി. കെ. വി. ആഗ്രഹം പ്രകടിപ്പിച്ചിരുന്നതാണ്. കേന്ദ്ര തൊഴിൽ സംഘടനകളുമായി ആലോചിച്ച് പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് ഭേദഗതികൾ രൂപപ്പെടുത്തിയിരുന്നതാണ്. അതുകൊണ്ട് പി. കെ. വി. തൊഴിലാളി പ്രസ്ഥാനങ്ങൾക്കും, പ്രത്യേകിച്ച് പരമ്പരാഗത വ്യവസായത്തിലെ പാവപ്പെട്ട വിഭാഗം ആളുകൾക്കും ഒരിക്കലും വിസ്മരിക്കാൻ കഴിയുന്ന ഒരു നേതാവല്ല. അദ്ദേഹത്തിന്റെ നഷ്ടം കേരളത്തിലെന്നല്ല, ഇന്ത്യയിലെ പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും തീരാനഷ്ടമാണ്. ആ അനുഗൃഹീതനായ നേതാവിന്റെ നഷ്ടം കൊണ്ടുണ്ടായ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, അന്തരിച്ച സഖാവ് പി.കെ.വി.-യുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റു കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോടെല്ലാം പൂർണ്ണമായി യോജിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്മരണക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുവാൻ ഞാനും മുതിരുകയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അൽപ്പകാലമെങ്കിലും പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു പൊതുപ്രവർത്തകനാണ് ഞാൻ. കണ്ടുമുട്ടുന്ന ആരിലും ബഹുമാനവും ആദരവും ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള അപൂർവ്വം പൊതുപ്രവർത്തകരിലൊരാളാണ് പി. കെ. വി. ഇവിടെ സൂചിപ്പിച്ചതു പോലെ ഏതു തരത്തിൽ പരിശോധിച്ചാലും ഒരു മാതൃകാ പൊതുപ്രവർത്തകനെന്ന നിലയിൽ കേരളത്തിൽ അഭിമാനപുരസ്സരം ചൂണ്ടിക്കാണിക്കാൻ കഴിയുന്ന

ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായത്. എന്റെ പിതാവിന്റെ ഒരു അടുത്ത സുഹൃത്തും സഹപ്രവർത്തകനും എന്ന നിലയിൽ വളരെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തെ കാണാനും പരിചയപ്പെടാനും അവസരം ലഭിച്ചു. അവസാന നാളുകളിൽ വരെ അദ്ദേഹത്തിന്റെ വാൽസല്യം അനുഭവിക്കാൻ അവസരം ലഭിച്ചിട്ടുള്ള ഒരു പൊതുപ്രവർത്തകനും കൂടിയാണ് ഞാൻ. ഈ അടുത്ത ദിവസങ്ങളിലും അദ്ദേഹത്തിന്റെ ബഹുമുഖമായ പ്രവർത്തന മേഖലയെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. പാർലമെന്റിലും മന്ത്രിയെന്ന നിലയിലും മുഖ്യമന്ത്രിയെന്ന നിലയിലും എല്ലാം പ്രവർത്തിക്കുമ്പോൾ അദ്ദേഹത്തിന്റെ ഉള്ളിന്റെയുള്ളിൽ അദ്ധ്വാനിക്കുന്ന സാധാരണ തൊഴിലാളികളോട് പ്രത്യേകമായൊരു വികാരം ഉണ്ട്. ഈ അടുത്ത ദിവസങ്ങളിൽ, അസുഖമാകുന്നതിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽപ്പോലും അദ്ദേഹം വീട്ടിൽ നിന്നും തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ എന്നെ വിളിച്ചു. അവിടത്തെ പ്രാദേശികമായ ചെറിയ തൊഴിൽ പ്രശ്നങ്ങൾ പോലും അദ്ദേഹം ശ്രദ്ധിക്കാറുണ്ടായിരുന്നു. അതിലൊക്കെ അദ്ദേഹം ഇടപെടാറുണ്ടായിരുന്നു എന്ന് എല്ലാപേർക്കും അറിയാമോയെന്ന് എനിക്കറിയില്ല. തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ അദ്ദേഹം എന്നെ പെരുമ്പാവൂരിൽ നിന്നും തിരുവനന്തപുരത്തുനിന്നും ഡൽഹിയിൽ നിന്നുപോലും പലപ്പോഴും വിളിച്ച് ചെറിയ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവസാന നാളുകളിൽ പോലും കാണിച്ച ശുഷ്ക്കാന്തി നമുക്ക് എന്നും മാതൃകയാക്കാൻ കഴിയും. കേരളത്തിലെ, ഇന്ത്യയിലെതന്നെ ഒരു പൊതുപ്രവർത്തകനെ സംബന്ധിച്ചിടത്തോളം ഏറ്റവും മാതൃകയായി സ്വീകരിക്കാൻ കഴിയുന്ന ഒരു മഹാപ്രതിഭയെയാണ് നമുക്ക് അദ്ദേഹത്തിലൂടെ നഷ്ടപ്പെട്ടത്. ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള എല്ലാ വികാരത്തോടും പൂർണ്ണമായും യോജിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുൻപിൽ ഞാനും ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ബഹുമാനപ്പെട്ട അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോടും, അഭിപ്രായങ്ങളോടും പങ്കുചേരുന്നു. പി. കെ. വി.-യുമായുള്ള എന്റെ ബന്ധം ആരംഭിക്കുന്നത് ഞാൻ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായി പഠനം ആരംഭിച്ച കാലത്താണ്. തിരുവിതാംകൂർ ട്രേഡ് യൂണിയൻ പ്രസിഡന്റായിരുന്നു പി. കെ. വി. ഞാൻ പഠിച്ച എന്റെ നാട്ടിലുള്ള വിദ്യാലയത്തിൽ വന്ന് വിദ്യാർത്ഥി യൂണിയന്റെ ഒരു ശാഖ സ്ഥാപിക്കുകയും അവിടെ നടന്ന യോഗത്തിൽ പ്രസംഗിക്കുകയും അന്ന് 4 ചക്രം അംഗത്വഫീസായി വാങ്ങി (അന്ന് തിരുവിതാംകൂറിൽ ചക്രമാണ് ഉള്ളത്) എന്നെ വിദ്യാർത്ഥി യൂണിയനിൽ അംഗം ആക്കുകയും ചെയ്തത് അദ്ദേഹം പ്രസിദ്ധീകരിച്ച ജീവചരിത്രക്കുറിപ്പുകളിൽ അദ്ദേഹം തന്നെ പ്രതിപാദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയമായി അഭിപ്രായവ്യത്യാസമുള്ള കാലഘട്ടത്തിൽ വളരെ വാൽസല്യത്തോടും പഴയ ആ ബന്ധത്തോടുംകൂടി യാതൊരു അലോസരവുമില്ലാതെ ജീവിതത്തിൽ മുഴുവനും ആ ബന്ധം കാത്തുസൂക്ഷിക്കാനും കഴിഞ്ഞിട്ടുണ്ട്. കേരള നിയമസഭയിൽ അദ്ദേഹം മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയുമായിരുന്ന കാലഘട്ടത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭാഗമെന്ന നിലയിൽ ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു. 1980-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് അദ്ദേഹം വരുമ്പോൾ സി.പി.ഐ. ഭരണകക്ഷിയിൽ വന്നെങ്കിലും അദ്ദേഹം മന്ത്രിസ്ഥാനം ഏറ്റെടുത്തിരുന്നില്ല. അന്നും ആ ബന്ധം അതുപോലെ തുടർന്നിരുന്നു എന്ന് ഈ അവസരത്തിൽ ഞാൻ ആശ്വാസപൂർവ്വം ഓർക്കുന്നു. പി. കെ. വി. ഒരു അപൂർവ്വ പ്രതിഭയായിരുന്നു; അപൂർവ്വ വ്യക്തിത്വമായിരുന്നു. ഒരു മുഖ്യമന്ത്രി തന്റെ സ്ഥാനം ഒഴിഞ്ഞാൽ ചുമലിൽ ഒരു സഞ്ചിയുമായി തിരുവനന്തപുരം പട്ടണത്തിൽ എം.എൽ.എ. ക്വാർട്ടേഴ്സിൽ നിന്ന് എം.എൻ.സ്മാരകത്തിലേക്ക് നടന്നുപോകുന്ന ചിത്രം മുമ്പും പിമ്പും കാണാൻ കഴിഞ്ഞിട്ടില്ല എന്ന് ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. ഒരു ദിവസം കൊട്ടാരക്കര വഴി ഞാൻ പോകുമ്പോൾ ആദ്ദേഹം ബസ്സ് സ്റ്റാന്റിൽ വച്ച് ബസ്സിൽ നിന്ന് ധൃതിപ്പെട്ട് ഇറങ്ങി അടുത്തുള്ള ചായക്കടയിലേക്ക് ചായ കുടിക്കാൻ കയറുന്ന ചിത്രം കണ്ടിട്ട് ഞാൻ വണ്ടി നിർത്തിയിട്ട് ചോദിച്ചു എന്താണ് ഈ ബസ് യാത്രയെന്ന്? അദ്ദേഹം പറഞ്ഞു എനിക്കു ബസ് തന്നെ ധാരാളം മതിയെന്ന്. അന്ന് എക്സ്. എം. എൽ. എ.-മാരും എക്സ്. എം.പി.-മാരും കെ.എസ്.ആർ.ടി.സിയിൽ പണം കൊടുത്ത് യാത്ര ചെയ്യണം. ടിക്കറ്റ് എടുത്ത് അദ്ദേഹം ബസിൽ യാത്ര ചെയ്യുന്ന ചിത്രം നമ്മളൊക്കെ ധാരാളം കണ്ടിട്ടുണ്ട്. മൂവാറ്റുപുഴ വരെ ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ പോകുന്നകാര്യം അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. ഫാസ്റ്റ് പാസ്സഞ്ചർ ഇല്ലാത്തതുകൊണ്ട് പെരുമ്പാവൂരിലെ പുല്ലുവഴിയിലേക്ക് ഓർഡിനറി ബസിൽ കയറി യാത്ര ചെയ്യുന്ന ചിത്രം ആ പ്രദേശത്തെ ആളുകളൊക്കെ കണ്ടിട്ടുള്ളതാണ്. ഇത്രയും ലാളിത്യവും അഹങ്കാരമില്ലായ്മയും ഈ കാലഘട്ടത്തിൽ നമുക്ക് കാണാൻ കഴിഞ്ഞ ഉന്നത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പി. കെ. വി. നിയമസഭയിൽ അദ്ദേഹം മന്ത്രിസഭയിൽ അംഗമായിരിക്കുന്ന കാലത്ത് വ്യവസായ-കാർഷിക രംഗങ്ങളിൽ നടത്തിയ മുന്നേറ്റത്തിന്റെ ചിത്രം നമ്മുടെയൊക്കെ മനസ്സിൽക്കൂടി കടന്നു പോകുന്നു. അദ്ദേഹം ഒരിക്കൽ ഈ നിയമസഭയിൽ പറഞ്ഞതോർക്കുന്നു, "കേരളം രക്ഷപ്പെടണമെങ്കിൽ കേരകൃഷിക്കാർ രക്ഷപ്പെട്ടെങ്കിൽ മാത്രമേ കഴിയൂ. അതുകൊണ്ട് നമ്മുടെ ഉൽപാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ആരംഭിക്കണം" എന്ന്. ഒരു ചർച്ചയിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യമാണ്. നമുക്കിനിയും ചെയ്യാൻ കഴിയാത്ത ഒരു വലിയ കാര്യമല്ലേ അത്? കേരളത്തിലെ തെങ്ങ് കൃഷിക്കാർ ഇന്ന് ഉൽപാദനം കുറഞ്ഞ് നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പി. കെ. വി.-യുടെ ആ വാക്കുകൾ ഞാനോർക്കുകയാണ്. തെങ്ങ് കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുക എന്നത് മാത്രമല്ല, നാളികേര ഉത്പാദനം ഈ രാജ്യത്ത് വർദ്ധിപ്പിക്കാതെ കേരളത്തിലെ കാർഷികരംഗം രക്ഷപ്പെടാൻ കഴിയുകയില്ലെന്ന് പറഞ്ഞ കേരളത്തിന്റെ മുഖ്യമന്ത്രി ഇന്നും മനസ്സിൽ പച്ചപിടിച്ചുനിൽക്കുകയാണ്. ശ്രീ. എ. എ. അസീസ് പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണ്. കൊല്ലം ജില്ലയിലെ കശുവണ്ടി വ്യവസായികൾ സർക്കാരിനെ വെല്ലുവിളിച്ചുകൊണ്ട് എതാണ്ട് 133-ൽ ചില്വാനം കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടി. ഇന്ന് ഒരു ഫാക്ടറിപോലും ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ 132 കശുവണ്ടി ഫാക്ടറികൾ ഒന്നിച്ചേറ്റെടുത്ത് തൊഴിലാളികൾക്ക് പണി കൊടുത്തും തോട്ടണ്ടി ഇറക്കുമതി ചെയ്തും ആ തൊഴിലാളികളെ രക്ഷിച്ചു എന്നു മാത്രമല്ല ഒരു മുന്നറിയിപ്പെന്നവണ്ണം ഫാക്ടറികൾ പൂട്ടിയിട്ടാൽ സർക്കാർ ഏറ്റെടുക്കുമെന്ന ഒരു ഭീതി ഉടമകളിൽ സംജാതമാക്കാനും ഇടയാക്കി. കുറേ നഷ്ടം വന്നു എന്ന് ഞാൻ അംഗീകരിക്കുന്നു. ഈ സന്ദേശം വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ പി. കെ. വി.-ക്ക് കൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് ഞാൻ മറക്കുന്നില്ല. തൊഴിലാളികളുടെ കാര്യത്തിലും പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിലും കശുവണ്ടി, കയർ, കൈത്തറി മേഖലകളിലുമാണ് പി. കെ. വി. ശ്രദ്ധിച്ചിരുന്നത്. അക്കാര്യം ആ വിഭാഗത്തിലുള്ളവർ ടി. വി. തോമസിനുശേഷം നന്ദിപൂർവ്വം ഓർത്തിരിക്കേണ്ടതാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിനു മുൻപ് അദ്ദേഹം തന്നെ ഒരു അഭിമുഖത്തിൽ പറഞ്ഞ കാര്യം ഞാൻ ഓർക്കുന്നു; "ഞാൻ തെരഞ്ഞെടുപ്പുമായുള്ള എല്ലാ ബന്ധങ്ങളും 1982-നു ശേഷം ഉപേക്ഷിച്ചതാണ്. എനിക്ക് പാർലമെന്ററി വ്യാമോഹം ഇല്ല." കേരള ശബ്ദത്തിന് കൊടുത്ത അഭിമുഖമായിരുന്നു അത്. അദ്ദേഹം ഏഷ്യാനെറ്റ് നടത്തിയ അഭിമുഖത്തിൽ പറഞ്ഞു ഇത്തവണ പാർട്ടിയുടെ, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ നിർബന്ധപൂർവ്വമായ ഒരു ആവശ്യമെന്ന നിലയിൽ മുന്നണിയുടെ തീരുമാനമനുസരിച്ച് എവിടെ വേണമെങ്കിലും മത്സരിക്കാം എന്ന് തീരുമാനിക്കുകയായിരുന്നുവെന്ന്. തന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിനുവേണ്ടിയും താൻ വിശ്വസിക്കുന്ന തത്വസംഹിതകൾക്കു വേണ്ടിയും പ്രവർത്തിക്കാൻ തയ്യാറായിരുന്നു പി. കെ. വി. തനിക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ താല്പര്യമില്ലാതിരുന്നിട്ടും പ്രസ്ഥാനത്തിന്റെ രക്ഷയ്ക്കുവേണ്ടി, താത്പര്യങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്ഥാനാർത്ഥിയായ ആളാണ്. അവശ നിലയിൽ ഡൽഹിയിൽ കഴിയുമ്പോൾ അദ്ദേഹത്തെ കാണാനുള്ള സൗകര്യം എനിക്കുണ്ടായി. അദ്ദേഹം വളരെ വിവശനായിരുന്നുവെങ്കിലും ഈ ദുരവ്യാഗത്തിലേക്ക് പെട്ടെന്ന് വഴുതി വീഴുമെന്ന് കരുതിയില്ല എന്നാണെന്റെ വിശ്വാസം. എല്ലാം ഭേദമായിരുന്നു. ഞാൻ മന്ത്രിസഭയിൽ നിന്ന് മാറുന്നതിനുമുൻപ് അദ്ദേഹം നടത്തിയ ഒരു വലിയ പരിശ്രമത്തെക്കുറിച്ച് ഞാൻ ഓർക്കുന്നു. വലിയതുറയിലെയും കൊച്ചുവേളിയിലെയും ഹുഡ് കോർപ്പറേഷനിലെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ജോലി ഇല്ലാതാവുകയും കൊച്ചുവേളി സ്റ്റേഷൻ വലുതാക്കുകയും ചെയ്ത സാഹചര്യം വന്നപ്പോൾ ആ ആവശ്യത്തിനുവേണ്ടി ചർച്ച ചെയ്യാൻ അദ്ദേഹം എന്നെ മദിരാശിയിലേക്കയച്ചു. പത്തോ നൂറോ തൊഴിലാളികളുടെ പ്രശ്നമാണെങ്കിലും അതു ചർച്ച ചെയ്ത് അവരുടെ ജീവിതം മുന്നോട്ടുകൊണ്ടു പോകാൻ സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്ന കാര്യത്തിൽ അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അത് സംബന്ധിച്ച് അദ്ദേഹം അയച്ച പല കത്തുകളും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഫയലിൽ ഉണ്ടാവും. പത്തോ നൂറോ വരുന്ന വലിയതുറയിലെയും കൊച്ചുവേളിയിലെയും തൊഴിലാളികൾക്കുവേണ്ടി അദ്ദേഹം നടത്തിയ പോരാട്ടം വളരെ വലുതായിരുന്നു എന്ന് ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു. അത് പൂർണ്ണമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തൊഴിലാളിസ്നേഹി എന്ന നിലയിലും മനുഷ്യസ്നേഹി എന്ന നിലയിലും ഈ രാജ്യംകണ്ട ഒരു നിസ്വാർത്ഥ പ്രവർത്തകനായിരുന്നു പി. കെ. വി. അദ്ദേഹവുമായുള്ള ബന്ധം ഞാൻ കഴിഞ്ഞ എത്രയോ കാലമായി തുടരുന്നതാണ്. പറവൂർ ടി. കെ.യുടെ കാലം മുതൽ, 1947-49 മുതലുള്ള ബന്ധമാണ്. തിരുവിതാംകൂറിൽ വിദ്യാർത്ഥി യൂണിയൻ നിരോധിക്കപ്പെട്ട കാലഘട്ടത്തിൽ കൊട്ടാരക്കര, പത്തനാപുരം പ്രദേശങ്ങളിൽ അദ്ദേഹം പേരുമാറ്റി ഒളിവിൽ താമസിച്ചിരുന്നു. അക്കാലത്ത് അദ്ദേഹവുമായി ബന്ധപ്പെടാൻ കഴിഞ്ഞ ഒരാളാണ് ഞാൻ. അദ്ദേഹം അന്നും തന്റെ കുടുംബത്തെക്കുറിച്ചോ കുഞ്ഞുകുട്ടികളെക്കുറിച്ചോ അറിഞ്ഞില്ല. ആദ്യമായി ജനിച്ച മകളെപ്പോലും, കുളത്തിൽ വീണുമരിച്ച—അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ആ കൊച്ചു സുന്ദരി—ആ കുരുന്നിന്റെ മരണംപോലും യഥാസമയം അറിയാൻ കഴിയാത്ത ത്യാഗോജ്ജ്വലമായ ഒരു ജീവിതം നയിച്ച, തന്റെ കുടുംബംപോലും നോക്കാതെ നാടിനുവേണ്ടി തന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോയ വലിയ വ്യക്തിത്വത്തിനുടമ എന്ന നിലയിൽ പി. കെ. വി. എന്നും നമ്മുടെ മനസ്സിലുണ്ടാവും. കളങ്കരഹിതമായ, സ്വാർത്ഥതയില്ലാത്ത രാഷ്ട്രീയജീവിതത്തിന് അടിക്കുറിപ്പ് എഴുതാൻ കഴിയുന്ന പേരുകളിലൊന്നാണ് പി. കെ. വി. എന്നനുസ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട് ആ വലിയ വ്യക്തിയുടെ ആത്മാവിനുമുൻപിൽ നമ്രശിരസ്കനായി അദ്ദേഹത്തിന്റെ കുടുംബത്തോടും അദ്ദേഹത്തെ സ്നേഹിച്ചിരുന്ന എല്ലാവരോടും അദ്ദേഹം പ്രവർത്തിച്ചിരുന്ന രാഷ്ട്രീയ കക്ഷിയായ സി.പി.ഐ.യോടും അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങളും ഇതിൽ പങ്കുചേരുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*: ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും

LIBRARY ARCHIVES Kerala Legislative Assembly

പി. കെ. വി.യുടെ മരണത്തെക്കുറിച്ച് രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. രാഷ്ട്രീയപ്രവർത്തകൻ എന്ന നിലയിൽ പി. കെ. വി.യുമായി ഇണങ്ങിയും പിണങ്ങിയും മുപ്പത്തഞ്ചുകൊല്ലക്കാലം പരിചയമുണ്ട്. ഇണങ്ങിയും പിണങ്ങിയുമെന്നു പറഞ്ഞാൽ ഞാൻ പിണങ്ങിയാലും പി. കെ. വി. പിണങ്ങുകയില്ല എന്നാണ് അർത്ഥമാക്കിയത്. അതിന്റെ കാര്യങ്ങളെക്കുറിച്ച് ഇപ്പോൾ വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നില്ല. ആദ്യഘട്ടത്തിൽ രോഗം മാറിയപ്പോൾ കേരള ഹൗസിൽ അദ്ദേഹത്തെ സന്ദർശിച്ചു. എതാണ്ട് നാൽപ്പത്തഞ്ച് മിനിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റിയും ഇടതുപക്ഷ പ്രസ്ഥാനത്തെപ്പറ്റിയും ഇൻഡ്യൻ ദേശീയതയെപ്പറ്റിയുമൊക്കെ ദീർഘമായ വിശകലനം നടത്തി. പി. കെ. വി.യെ കണ്ടാൽ അതുപോലെയുള്ള വിശകലനങ്ങൾ മാത്രമേ പതിവുള്ളു. നിഷ്കളങ്കനായ ഒരു രാഷ്ട്രീയപ്രവർത്തകൻ, ആരോടും വിരോധമില്ലാത്ത, കക്ഷിബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിബന്ധങ്ങളെ വേർതിരിക്കാത്ത ഇത്രയേറെ മാന്യനായ ഒരു രാഷ്ട്രീയനേതാവ്, രാഷ്ട്രീയ പ്രവർത്തകൻ കേരളത്തിന്റെ ചരിത്രത്തിൽ വളരെ അപൂർവ്വമാണ്. അതാണ് അദ്ദേഹത്തിന്റെ ബഹുമതി. അദ്ദേഹത്തിന്റെ ചരമത്തിൽ ഞാൻ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. ടി. എം. ജേക്കബ്: പി. കെ. വി. എന്ന മൂന്നക്ഷരം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും നന്മയുടെയും വിശുദ്ധിയുടെയും പര്യായമായിരുന്നു. അദ്ദേഹം അഞ്ചാം കേരള നിയമസഭയിൽ മുഖ്യമന്ത്രിയായിരുന്ന സമയത്താണ് ഞാൻ ഈ നിയമസഭയിൽ വരുന്നത്. മൂന്ന് വർഷക്കാലത്തിനിടയിൽ നാല് മുഖ്യമന്ത്രിമാരെ കാണാനുള്ള ഭാഗ്യമോ നിർഭാഗ്യമോ അഞ്ചാം കേരള നിയമസഭയ്ക്കുണ്ടായി. ശ്രീ. കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി, പി. കെ. വി., സി. എച്ച്. മുഹമ്മദ്കോയ--നാലുപേരും നാല് വ്യത്യസ്തകാരണങ്ങളാൽ മുഖ്യമന്ത്രിപദം ഉപേക്ഷിച്ചു. ആ മൂന്ന് പേരിൽനിന്നും വേറിട്ടുനിൽക്കുന്ന ഒരു രാജിയായിരുന്നു പി. കെ. വി.യുടേത്. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഐക്യത്തിനുവേണ്ടി തന്റെ ഉന്നതമായ സ്ഥാനം വലിച്ചെറിഞ്ഞ് ഒരു മഹത്തായ ലക്ഷ്യത്തോടെ അധികാരം വിട്ടെറിഞ്ഞ പി.കെ.വി.യെ കേരള രാഷ്ട്രീയചരിത്രം എന്നും ഓർമ്മിക്കും എന്ന കാര്യത്തിൽ സംശയമില്ല. ചുരുങ്ങിയ കാലയളവിൽ മന്ത്രിയായും മുഖ്യമന്ത്രിയായും ഇരുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പല നേതാക്കളും പറഞ്ഞതുപോലെ വളരെ അഭിമാനത്തോടെ മാത്രമേ സഭയ്ക്ക് ഓർക്കാൻ കഴിയൂ. ചിരിക്കുന്ന ഒരു മുഖത്തോടെയല്ലാതെ പി. കെ. വി.യെ നമുക്കാർക്കും ഓർമ്മിക്കാൻ കഴിയില്ല. പി.കെ.വി.യുടെ ചിത്രം മനസ്സിൽ വരുമ്പോൾ സദാ ചിരിച്ചുകൊണ്ടിരിക്കുന്ന ഒരു ചിത്രമാണ് മനസ്സിൽ തെളിയുക. ഈ നിയമസഭയിൽ എത്രയോ പ്രക്ഷുബ്ധമായ രംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം അക്ഷോഭ്യനായി നിന്ന് സമചിത്തതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അന്ന് സഭാ നേതാവ് എന്ന നിലയിൽ പി. കെ. വി. കാണിച്ച ആ വ്യക്തിത്വം ഒരിക്കലും വിസ്മരിക്കാൻ സാധിക്കില്ല. ഇന്ന് പലരും പല സ്ഥാനങ്ങൾക്കുവേണ്ടി കുതികാൽ വെട്ടുകയും അധികാരമോഹത്തോടുകൂടി മറ്റുള്ളവരെ വലിച്ചു താഴെയിടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ അതിൽനിന്ന് വേറിട്ട് നിന്ന ഒരു വ്യക്തിത്വത്തെയാണ് ഞാനിവിടെ സ്മരിച്ചത്. അതുപോലെതന്നെ അധികാര വികേന്ദ്രീകരണത്തിൽ ഏറ്റവും പ്രസക്തമായ ജില്ലാ കൗൺസിൽ നിയമം പാസ്സാക്കിയെടുത്ത അഞ്ചാം കേരള നിയമസഭയിൽ അതിന് സാരഥ്യം വഹിക്കാൻ കഴിഞ്ഞ ഒരു ഭരണാധികാരി എന്ന നിലയിൽ പി. കെ. വി.യെ എന്നും കേരളം ഓർമ്മിക്കും എന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ ലാളിത്യത്തെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. മുഖ്യമന്ത്രിപദം ഒഴിഞ്ഞതിന് തൊട്ടടുത്ത ദിവസങ്ങളിൽ അദ്ദേഹത്തോടൊപ്പം ഒരു ദിവസം കോട്ടയത്തുനിന്ന് തിരുവനന്തപുരം വരെ കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്ര ചെയ്യാൻ എനിക്ക് ഒരവസരമുണ്ടായി. വെമ്പായം ജംഗ്ഷനടുത്തു വന്നപ്പോൾ ബസ് കേടായി. വണ്ടി പോകുകയില്ലെന്ന് ഡ്രൈവർ പറഞ്ഞു, എല്ലാവരും ഇറങ്ങി. ഇന്നത്തെപ്പോലെ അന്ന് ധാരാളം ബസ്സുകളൊന്നുമില്ല. പി. കെ. വി.യും ഞാനും ഏതാനും ആളുകളും അവിടെയുള്ള ഒരു കലുങ്കിൽ ഇരിപ്പുറപ്പിച്ചു. കുറേ സമയം കഴിഞ്ഞപ്പോൾ ഒരു ബസ് വന്നു. അതിൽ നിറയെ ആളുകളായിരുന്നു. കയറാൻ നിവൃത്തിയില്ല. അപ്പോൾ അവിടെ നിന്ന ഒന്നുരണ്ടാളുകൾ വന്ന് ഞങ്ങൾ ജംഗ്ഷനിൽ പോയി ഒരു ടാക്സി പിടിച്ചുകൊണ്ടുവരാം, സാർ ആ വണ്ടിയിൽ പോകണമെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞത്, നിങ്ങളൊക്കെ നിൽക്കുകയല്ലേ, അടുത്ത വണ്ടി വരട്ടെ എന്നാണ്. വളരെ വൈകി വന്ന അടുത്ത ബസ്സിൽ കയറി അദ്ദേഹത്തോടൊപ്പം തിരുവനന്തപുരത്തു വന്ന കാര്യം ഞാൻ ഓർമ്മിക്കുകയാണ്. ലാളിത്യം ജീവിതത്തിൽ പകർത്തുമ്പോൾ അതിനൊരു പബ്ലിസിറ്റി ഒരിക്കലും ആഗ്രഹിക്കാത്ത ഒരു വ്യക്തിയായിരുന്നു പി. കെ. വി. എന്നുള്ളതും രാഷ്ട്രീയത്തിൽ ഓർമ്മിക്കാൻ കഴിയുന്ന ഒരു സംഗതിയാണ്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഞാൻ കൂത്താട്ടുകുളത്തു നിന്ന് വരുന്ന ഒരാളാണ്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും ഒരുപാട് നേതാക്കളും പ്രവർത്തകരും ഉണ്ടായിരുന്ന ഒരു മേഖല; ഇ. എം. എസ്. മുതൽ പ്രമുഖരായ പല ആളുകളും ഒളിവിൽ പാർത്തിരുന്ന ഒരു പ്രദേശമാണത്. അവിടെ കോളേജ് സ്ഥാപിക്കണമെന്നുള്ളത് ആ നാട്ടുകാരുടെ വലിയൊരാഗ്രഹമായിരുന്നു. പി. കെ. വി. മുഖ്യമന്ത്രിയായി. ഞങ്ങൾ അവിടെ ഇരുപത്തഞ്ചേക്കർ സ്ഥലം ഒരു സൊസൈറ്റിയുടെ പേരിൽ വാങ്ങി. അവിടെയാണ് കോളേജ് സ്ഥാപിക്കേണ്ടത്. പി. കെ. വി. മുഖ്യമന്ത്രിയായാൽ കോളേജ് കിട്ടുമല്ലോ എന്നു കരുതി. അദ്ദേഹത്തെ

LIBRARY ARCHIVES Kerala Legislative Assembly

വന്ന് കണ്ടു. കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ പലരുമുണ്ടായിരുന്നു. ഞാൻ അവിടത്തെ എം.എൽ.എ. ആണ്. ഞങ്ങൾ വന്നു. പി.കെ.വി.യെ വിളിച്ചു. ഇല്ലാത്ത കോളേജിന് ഞാൻ എങ്ങനെയാണ് കല്ലിടുക എന്നാണ് അദ്ദേഹം ചോദിച്ചത്. നിർബന്ധം കൂടിയപ്പോൾ എന്താണെങ്കിലും എന്റെ സ്നേഹിതന്മാർ വിളിക്കുന്നതു കൊണ്ട് ഞാൻ വരാമെന്ന് അദ്ദേഹം പറഞ്ഞു. വലിയൊരു മലയുടെ മുകളിലാണ്. അദ്ദേഹത്തെ നടത്തിയാണ് അവിടെ കൊണ്ടുപോയത്. വണ്ടി അവിടെ കയറില്ല. അവിടെ കൊണ്ടുപോയി ഒരു ശില സ്ഥാപിച്ചു. ഇന്നവിടെ ഒരു ഹസ്റ്റ് ഗ്രേഡ് കോളേജ് മനോഹരമായി ഉയർന്നുനിൽക്കുന്നു. അവിടെ കയറിവരുമ്പോൾ ശില സ്ഥാപിച്ചിരിക്കുന്നത് എല്ലാവർക്കും കാണാം. ഈ കോളേജിന്റെ ശിലാസ്ഥാപനം പി. കെ. വാസുദേവൻ നായർ, മുഖ്യമന്ത്രി നിർവ്വഹിച്ചു എന്നൊരു വലിയ ശില ഇന്നും അവിടെയുണ്ട്. അത് ആ നാട്ടിലെ ജനങ്ങൾക്ക് അദ്ദേഹത്തോടുള്ള സ്നേഹവും ഒന്നുമില്ലാത്ത ഒരു സംരംഭത്തിന് അദ്ദേഹം വന്ന് തുടക്കം കുറിക്കാൻ കാണിച്ച സൗമനസ്യവും എടുത്തുകാണിക്കാൻ കഴിയുന്ന ചില ഉദാഹരണങ്ങളാണ്. ഞാൻ മറ്റു കാര്യങ്ങളിലേക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. പി. കെ. വി. എന്നും ജനഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഒരു വ്യക്തിത്വമാണ്. അദ്ദേഹത്തെ പരിചയപ്പെട്ട നാൾ മുതൽ ഇന്നു വരെ ആരോടും മുഖം കറുത്ത് സംസാരിക്കുന്ന ഒരു മനുഷ്യനായി കാണാൻ കഴിഞ്ഞിട്ടില്ല. അക്കാര്യം ഇവിടെ എല്ലാവരും പറഞ്ഞു. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിൽനിന്ന് അകന്നുപോയവർ, കൂടെ പ്രവർത്തിക്കുന്നവർ, അദ്ദേഹത്തെ രാഷ്ട്രീയമായി എതിർത്ത ആളുകൾ, ആർക്കും പി. കെ. വി.യെക്കുറിച്ച് ഒന്നും എതിർത്തു പറയാനില്ല. അത്രമാത്രം സ്നേഹനിധിയായ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയും തന്റെ ജീവിതം മറ്റുള്ളവർക്ക് മാതൃകയാക്കിത്തീർക്കുകയും ചെയ്ത ഒരു വലിയ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും പി. ജി. തുടങ്ങിയ ഒട്ടേറെ ആളുകളും വളരെയേറെ ദുഃഖിതരാണ്. അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു, അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ശ്രീ. എ. സി. ഷണ്മുഖദാസ്: സർ, തറവാടിത്തം ജീവിതത്തിലും പെരുമാറ്റത്തിലും പ്രവൃത്തിയിലും സ്വഭാവത്തിലുമെല്ലാം അക്ഷരാർത്ഥത്തിൽ പാലിച്ച പി. കെ. വി. യെക്കുറിച്ച് അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി ഞാൻ യോജിക്കുന്നു. യുവജന വിദ്യാർത്ഥിരംഗത്തിലൂടെ രാഷ്ട്രീയത്തിൽ വന്ന എന്നെപ്പോലുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പാർലമെന്റിലെ പ്രസംഗങ്ങൾ, വ്യവസായ വകുപ്പുമന്ത്രി ആയപ്പോൾ ആ കാര്യത്തിൽ അദ്ദേഹം കാണിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യം, നേരിട്ടു കാണുമ്പോഴൊക്കെ അദ്ദേഹം പറയാറുള്ള അഭിപ്രായപ്രകടനങ്ങൾ എന്നിവയെല്ലാം കേരളത്തിലെ യുവജനങ്ങൾ എന്നെന്നും ഓർമ്മിക്കുന്ന ഒരു പ്രത്യേകതയാണ്. ഏറ്റവും പിന്നോക്ക താലൂക്കായ കൊയിലാണ്ടി താലൂക്കിൽ ഒരു വ്യവസായവും ഉണ്ടായിരുന്നില്ല. 600 ചെറുപ്പക്കാർ ചേർന്ന് 5,000 രൂപ ബാങ്ക് ദേശവൽക്കരണ സൗകര്യം ഉപയോഗിച്ച് 1977-ൽ ഒരു ടെക്സ്റ്റൈൽ മിൽ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ പി. കെ. വി. യെ കണ്ടപ്പോൾ അദ്ദേഹം കാണിച്ച താൽപ്പര്യം ഇന്നും ഓർക്കുന്നു. അതിന്റെ ഉദ്ഘാടനകർമ്മം ചെയ്യാൻ നിശ്ചയിച്ചത് ശ്രീ. എ. കെ. ആന്റണിയെയായിരുന്നു. ശ്രീ. എ. കെ. ആന്റണി രാജി വച്ച് ഒരാഴ്ചയ്ക്കുള്ളിൽ പി. കെ. വി. അതിന്റെ ഉൽഘാടന കർമ്മം നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം കേരളത്തിലെ അതിരൂക്ഷമായ തൊഴിലില്ലായ്മയ്ക്ക്, ഈ നാട്ടിലെ ചെറുപ്പക്കാർ കാണിക്കേണ്ടുന്ന അവരുടെ പ്രവർത്തനത്തിന് രൂപകൽപ്പന നൽകുന്ന ഒരു ആവേശപ്രസംഗമായിരുന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രായോഗികതയും ആദർശനിഷ്ഠയും ഇൻഡ്യയുടെ നിലനിൽപ്പും അനിവാര്യമായ ഒരു രാഷ്ട്രീയത്തിന് ഇൻഡ്യയിൽ അടിത്തറ പാകുന്നതിനുവേണ്ടിയാണ് മുഖ്യമന്ത്രിസ്ഥാനം അദ്ദേഹം ഒഴിഞ്ഞത്. മുഖ്യമന്ത്രിസ്ഥാനം ഒഴിഞ്ഞതിനെ തുടർന്നുള്ള കേരളത്തിലെ രാഷ്ട്രീയസംവിധാനങ്ങളും മുന്നണിസംവിധാനങ്ങളും ദേശവ്യാപകമായി വളർന്നുവരേണ്ട ഒരു ഘട്ടത്തിലാണ്, ആ കാര്യത്തിൽ പാർലമെന്റിലെ സി. പി. ഐ. നേതാവെന്ന രീതിയിൽ ഇടതുപക്ഷനേതാക്കളിൽ ഭരണനൈപുണ്യവും പ്രതിപക്ഷരംഗത്തിരുന്ന അനുഭവവുമുള്ള അപൂർവ്വം നേതാക്കളിൽ ഒരാളാണെന്ന നിലയിൽ പി. കെ. വി. യുടെ സേവനം ദേശീയതലത്തിൽ ആവശ്യമായ ഘട്ടത്തിലാണ് അദ്ദേഹം നമ്മളിൽനിന്ന് വിട്ടുപിരിഞ്ഞത് എന്നത് തീർച്ചയായും കൂടുതൽ കൂടുതൽ നമ്മളെയൊക്കെ വേദനിപ്പിക്കുന്നു. ഈ പ്രായത്തിലും അദ്ദേഹം ചെയ്യേണ്ട കർമ്മങ്ങൾ ചെയ്തു. മൂന്നു നാലാഴ്ചമുമ്പ് ഞാൻ ഡൽഹിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ പോയി. ഒന്നര മണിക്കൂർ നേരംവരെ അവിടെ ഇരുന്ന് സംസാരിക്കാൻ ഇട വന്നപ്പോൾ ഇൻഡ്യൻ രാഷ്ട്രീയത്തെക്കുറിച്ചുള്ള ഒരു പുതിയ വെളിച്ചം ഉയർന്നുവരുന്നു എന്ന ശുഭപ്രതീക്ഷയോടുകൂടിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം കേൾക്കാൻ കഴിഞ്ഞു. അപ്പോൾ സ്വാഭാവികമായും നമ്മുടെ നാട് നേരിടുന്ന പല വിപത്തുകൾക്കും തടയിടാനും ഇത്തരത്തിൽ നേതൃത്വം കൊടുക്കാനും പി. കെ. വി. യെപ്പോലുള്ള ആളുകൾ ഡൽഹിയിലുണ്ട് എന്ന സന്തോഷത്തോടുകൂടിയാണ് അദ്ദേഹത്തിന്റെ വീട്ടിൽനിന്ന് ഇറങ്ങിവന്നത്. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. ഒരു രാഷ്ട്രീയ നേതാവ് വിട്ടുപിരിയുമ്പോൾ, അദ്ദേഹത്തെ ഓർമ്മിക്കാൻ കഴിയുക അദ്ദേഹം ചെയ്തിട്ടുള്ള രാഷ്ട്രീയമായ പ്രവർത്തനങ്ങളും സേവനപ്രവർത്തന

ങ്ങളുമാണ്. ഒരുപക്ഷേ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കേരള രാഷ്ട്രീയത്തിന്റെ പ്രൗഢഗംഭീരമായതും എല്ലാം ഉൾക്കൊള്ളുന്നതുമായ അപൂർവ്വം രാഷ്ട്രീയ നേതാക്കളിൽ ഒരാളായി പി. കെ. വി. യെ വിശേഷിപ്പിക്കാൻ കഴിയും. അദ്ദേഹത്തിന്റെ വിയോഗത്തിൽ നമ്മൾ ദുഃഖിക്കുന്നു, അദ്ദേഹത്തിന്റെ കുടുംബവും അദ്ദേഹത്തിന്റെ പാർട്ടിയും ദുഃഖിക്കുന്നു. ആ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ശ്രീ. വി. സി. കബീർ: സർ, പി.കെ.വി. യുടെ വിയോഗത്തിൽ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാക്കളും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോടും ദുഃഖത്തോടും ഞാനും പങ്കുചേരുന്നു. ആദർശശുദ്ധിയുള്ള രാഷ്ട്രീയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ രംഗത്തു വരുന്ന പുതിയ തലമുറയ്ക്ക് പ്രത്യേകിച്ചും പകർത്താവുന്ന ഒരു ശൈലിയായിരുന്നു പി. കെ. വി. യുടേത്. മതേതര ഇൻഡ്യയിൽ ഇടതുപക്ഷ കക്ഷികളും മതേതര കക്ഷികളും ഐക്യപ്പെട്ട് മുന്നോട്ടുപോകേണ്ട ഒരു സാഹചര്യത്തിൽ അതിനാഗ്രഹിച്ചിരുന്ന പി. കെ. വി. യുടെ അസാന്നിദ്ധ്യം വേദനാജനകമാണ്. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ഡൽഹിയിൽനിന്നു തുടങ്ങി തിരുവനന്തപുരം വിമാനത്താവളം മുതൽ പുല്ലുവഴിയിൽ ഇന്നലെ എരിഞ്ഞടങ്ങുന്നതുവരെ നാം കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ അദ്ദേഹത്തിന് കേരളീയരുടെ മനസ്സിലുണ്ടായിരുന്ന സ്വാധീനം വെളിവാക്കുന്നതാണ്. സി.പി.ഐ. പാർട്ടി കഴിഞ്ഞ കുറേ ദിവസങ്ങളായി നഷ്ടത്തിന്റെ കണക്കിലാണ്. ആ പാർട്ടിയുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. പി. കെ. വി. യുടെ കുടുംബത്തിന്റെ ദുഃഖത്തിൽ ഞാൻ പങ്കുചേരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, സഖാവ് പി. കെ. വി. യെ സംബന്ധിച്ച് അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. എനിക്കും എന്റെ നാടായ പൂഞ്ഞാറിനും സഖാവ് പി. കെ. വി. യുമായിട്ടുള്ള ബന്ധം അഭേദ്യമാണ്. രാജവാഴ്ചയെ ബഹുമാനിച്ചിരുന്ന കർക്കശ സ്വഭാവക്കാരനായ അദ്ദേഹത്തിന്റെ അച്ഛൻ കേശവപിള്ളക്ക് മകൻ പി. കെ. വി. കമ്മ്യൂണിസ്റ്റ് ആയപ്പോൾ അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം കിടങ്ങൂർ ഗവൺമെന്റ് എൽ. പി. സ്കൂളിലും മോനിപ്പള്ളി ഗവൺമെന്റ് എൽ. പി. സ്കൂളിലും അതിനുശേഷം പൂഞ്ഞാർ എസ്. എം. വി. ഹൈസ്കൂളിലുമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം യു. സി. കോളേജിൽനിന്ന് ഡിഗ്രി

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാകുകയും തിരുവനന്തപുരം ലാ കോളേജിൽ ചേരുകയും ചെയ്തു. പക്ഷേ, ആ വിദ്യാഭ്യാസം പൂർത്തീകരിക്കാതെ സ്വാതന്ത്ര്യ സമരത്തിലേക്ക് എടുത്തു ചാടുകയായിരുന്നു. വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ശരിയാകുകയില്ല എന്നു കണ്ടുകൊണ്ട് സമരത്തിലേക്ക് എടുത്തുചാടിയ പി. കെ. വി. യെ അച്ഛൻ ബലമായി പിടിച്ചുകൊണ്ടുവന്ന് പൂഞ്ഞാർ എസ്. എം. വി. സ്കൂളിൽ അദ്ധ്യാപകനാക്കുകയായിരുന്നു. പക്ഷേ, അദ്ദേഹം അദ്ധ്യാപകവൃത്തിയിൽ അധികം തുടർന്നില്ല. മൂന്നുമാസം കഴിഞ്ഞപ്പോൾ അദ്ദേഹം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വക്താവായി ഒളിവിൽപ്പോയി. അങ്ങനെ ഒളിവിൽപ്പോയത് ഞങ്ങളുടെ നാട്ടിൽ ഒരു വലിയ വാർത്തയായിരുന്നു. ഒളിവിൽപ്പോയതിനുശേഷം അദ്ദേഹം ഹെഡ്മാസ്റ്റർക്ക് അയച്ച ഒരു കത്തുണ്ട്. ആ കത്തിൽ ഈ രാജ്യത്തെപ്പറ്റിയും നാടിനെപ്പറ്റിയും ജനങ്ങളെപ്പറ്റിയും അദ്ദേഹം എന്ത് വിഭാവനം ചെയ്യുന്നുവെന്ന് വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. ആ കാലഘട്ടത്തിൽത്തന്നെ അദ്ദേഹം സഹോദരിക്കയച്ച ഒരു കത്തിൽ കുടികിടപ്പുകാരിയായ പൂതനയെപ്പറ്റിയാണ് എഴുതിയിരിക്കുന്നത്. ആ കത്തിൽ അദ്ദേഹം വളരെ വ്യക്തമായി പറയുന്നത്, എന്റെ സിരകളിൽ ഒഴുകുന്ന രക്തവും പൂതനയുടെ ശരീരത്തിൽ ഒഴുകുന്ന രക്തവും ചുമന്ന നിറമാണ് എന്നാണ്. വളരെ നീണ്ട ഒരു കത്താണ് സഹോദരിക്ക് അയച്ചിരുന്നത്. ഞാൻ ഈ കത്തിന്റെ കാര്യം ഇവിടെ എടുത്തുപറയാൻ കാരണമുണ്ട്. ആ കാലഘട്ടത്തിൽ എന്റെ നാട്ടിലൊക്കെ തീണ്ടലും തൊടീലുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കുടികിടപ്പുകാർ വീട്ടിൽ വന്നാൽ നൂറടി അകലെ കൂഴികുഴിച്ച് ഇലയിട്ടാണ് ഭക്ഷണം കൊടുത്തിരുന്നത്. ആ നയത്തോടൊന്നും അദ്ദേഹം യോജിച്ചിരുന്നില്ല എന്നതിന് തെളിവാണ് അദ്ദേഹത്തിന്റെ ഈ കത്തുകളൊക്കെ. അദ്ദേഹത്തിന്റെ അധ്യാപകരായിരുന്നു പാലാ നാരായണൻ നായരും പൊൻകുന്നം വർക്കിയുമൊക്കെ. അവരുടെ ഓർമ്മക്കുറിപ്പുകളിൽ സഖാവ് പി. കെ. വി. യെപ്പറ്റി വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഞാൻ ഒരു കാര്യമേ പറയുന്നുള്ളൂ, കേരള രാഷ്ട്രീയത്തിന് സംഭവിച്ചിരിക്കുന്ന നഷ്ടം, പി. കെ. വി.-യുടെ നിര്യാണംമൂലമുണ്ടായിട്ടുള്ള നഷ്ടം ഒരു യുഗത്തിന്റെതന്നെ നഷ്ടമായി കണക്കാക്കാം. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ടി. എം. ജേക്കബുമൊക്കെ അദ്ദേഹം ബസിൽ യാത്രചെയ്ത കാര്യം ഇവിടെ സൂചിപ്പിച്ചു. ഞാൻ ഓർക്കുകയാണ്, മുഖ്യമന്ത്രിപദം ഒഴിഞ്ഞ് ഒരാഴ്ച തികയുന്നതിനുമുൻപാണ് തമ്പാനൂർ ബസ് സ്റ്റാൻഡിൽനിന്നും ബസ്സിൽ കയറി എന്റെ ഒരു സുഹൃത്തായ ഡോ. പവിത്രൻ ഇരുന്ന സീറ്റിൽ അദ്ദേഹം വന്നിരുന്നത്. ഞാൻ എത്രയോ ആളുകളോട് ഇതിനുമുമ്പ് ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അദ്ദേഹം പെരുമ്പാവൂരിലേക്കു ബസ്സിൽ യാത്ര ചെയ്തു. ഇന്ന് മുൻമന്ത്രിമാരായിക്കഴിഞ്ഞാൽ ഒരു പി.എ.യും ഗൺമാനും രണ്ട് സ്റ്റാഫും കൂട്ടത്തിലില്ലാതെ നടക്കാൻപറ്റാത്ത ആളുകൾ, രാഷ്ട്രീയക്കാർ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ എത്രയോ എണ്ണമുണ്ട്. ആ സ്ഥാനത്താണ് മുഖ്യമന്ത്രിസ്ഥാനം ഒഴിഞ്ഞതിനുശേഷം അദ്ദേഹം ബസ്സിൽ ഒരു സഞ്ചിയുമായി യാത്രചെയ്യുന്നത്. കേരള രാഷ്ട്രീയത്തിൽ മറ്റാർക്കും ആ മാതൃക തുടരാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ആദർശധീരന്മാർ പലരുണ്ടെങ്കിലും പി. കെ. വി. യെപ്പോലെ ആദർശത്തെ മുറുകെപ്പിടിച്ചുകൊണ്ട് പൊതുപ്രവർത്തകർക്ക് മാതൃക കാണിച്ച മറ്റൊരു വ്യക്തിയെയും ചൂണ്ടിക്കാണിക്കാൻ നമുക്കാർക്കും കഴിയില്ല. അദ്ദേഹത്തിന്റെ നഷ്ടം സി. പി. ഐ. ക്ക് വലിയ നഷ്ടമാണ്, പക്ഷേ അതിനും അതീതമാണ് കേരളത്തിലെ ജനങ്ങൾക്കുണ്ടായിരിക്കുന്ന നഷ്ടം. അദ്ദേഹത്തിന്റെ വേദനിക്കുന്ന ഭാര്യയോടും കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും എല്ലാവരോടും എന്റെ ദുഃഖവും അനുശോചനവും അറിയിക്കുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു.

ശ്രീ. ഷിബു ബേബിജോൺ: സർ, അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച വികാരത്തോടും പി. കെ. വി. യുടെ സവിശേഷതകളോടും ഞാനും യോജിക്കുകയാണ്; ആവർത്തിക്കുന്നില്ല. പുതിയ തലമുറയിൽപ്പെട്ട ഒരു രാഷ്ട്രീയക്കാരനെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെക്കുറിച്ച് അങ്ങേയറ്റം ആരാധനയോടുകൂടിയാണ് ഞാൻ കാണുന്നത്. മറ്റൊന്നുമല്ല, കോളേജ്തലം മുതൽ തുടങ്ങിയ പല സവിശേഷതകളെക്കുറിച്ചും ഇവിടെ പരാമർശിച്ചു. എന്നാൽ കരിമണൽ വ്യവസായം ചൂഷണം ചെയ്യാനായി കെ.എം.എം.എൽ. എന്ന സ്ഥാപനം ആരംഭിച്ചത് അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണെന്ന് അഭിമാനത്തോടുകൂടി ഞാൻ ഓർക്കുകയാണ്. കാരണം, അതിനുശേഷം കാൽനൂറ്റാണ്ട് പിന്നിട്ടിട്ടുപോലും അതിന്റെ value addition ഒന്നും ഇന്നും വിവാദങ്ങളിൽപ്പെടുന്നതല്ലാതെ നമുക്ക് ഫലപ്രദമായി ചൂഷണം ചെയ്യാൻ സാധിക്കാതിരിക്കുകയാണ്. 1978-ലാണ് കെ.എം.എം.എൽ.-ന് തറക്കല്ലിട്ടത്. ഇന്ന് കേരള സംസ്ഥാനത്തിന്റെ ഏറ്റവും ലാഭകരമായ ഒരു പൊതുമേഖലാസ്ഥാപനമായി അത് നിലനിൽക്കുന്നു. ഞാൻ അതിലേക്ക് ദീർഘമായി പോകുന്നില്ല. പാർലമെന്ററി ജനാധിപത്യത്തിന് ഊന്നൽ കൊടുക്കുന്ന ഈ കാലഘട്ടത്തിൽ കഴിഞ്ഞ രണ്ട് ദിവസമായി അദ്ദേഹത്തിന് ആദരാഞ്ജലിയർപ്പിച്ചുകൊണ്ട് കൂടിയ ജനക്കൂട്ടം യഥാർത്ഥത്തിൽ അദ്ദേഹം എത്രയോ വിശാലമായ വ്യക്തിത്വത്തിനുടമയാണെന്നതിന് തെളിവാണ്. അദ്ദേഹം പാർലമെന്ററി ജനാധിപത്യത്തിൽനിന്നും മാറി എനിക്ക് വേണ്ടെന്നു പറഞ്ഞു, അവസാനം പാർട്ടിയുടെ സമ്മർദ്ദംകൊണ്ട് വീണ്ടും മത്സരിക്കേണ്ടിവന്ന സാഹചര്യങ്ങളൊക്കെ ഇവിടെ പരാമർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ലാളിത്യത്തെക്കുറിച്ചും ഇവിടെ പരാമർശിച്ചു. ഇന്ന് രാഷ്ട്രീയ നേതാക്കന്മാർ ബീഹാറിനെയൊക്കെ അനുകരിച്ചുകൊണ്ട് എത്രയും

LIBRARY ARCHIVES Kerala Legislative Assembly

ആഡംബരത്തോടുകൂടി ജീവിക്കാനാണ് ആഗ്രഹിക്കുന്നത്. ആ കാലഘട്ടത്തിൽ ഇത്രയും ലാളിത്യത്തോടുകൂടിയ ജീവിതവും അതിനുനേടിയ അംഗീകാരവുമാണ് എന്നെപ്പോലെ പുതിയ തലമുറയിൽപ്പെട്ടവരെ അദ്ഭുതപ്പെടുത്തുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. സി.പി.ഐ. ക്കുണ്ടായ നഷ്ടത്തിൽ, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കുണ്ടായ നഷ്ടത്തിൽ ഞാനും എന്റെ പ്രസ്ഥാനവും അനുശോചനം രേഖപ്പെടുത്തുന്നു, നിർത്തുന്നു.

മി. സ്പീക്കർ: അന്തരിച്ച മഹദ്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പനേരം എഴുന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

II. അറിയിപ്പ്

രാഷ്ട്രപതിയുടെ കേരള സന്ദർശനം

മി. സ്പീക്കർ: പി. കെ. വാസുദേവൻ നായരുടെ നിര്യാണത്തെത്തുടർന്ന് രാഷ്ട്രപതിയുടെ കേരള സന്ദർശനം റദ്ദാക്കിയതുമൂലം ജൂലൈ 18-ാം തീയതി ചേരുവാൻ നിശ്ചയിച്ചിരുന്ന പ്രത്യേക സമ്മേളനം സഭയുടെ അനുമതിയോടുകൂടി സാധാരണ ഒരു സിറ്റിംഗായി മാറ്റിയിരിക്കുന്നു. 18, 19 തീയതികളിൽ രാവിലെ 8.30-ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ അവിശ്വാസപ്രമേയത്തെപ്പറ്റിയുള്ള ചർച്ച തുടരുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ ചോദ്യോത്തരവേള ഉണ്ടായിരിക്കുന്നതല്ല. രാഷ്ട്രപതിയുടെ കേരള സന്ദർശനം ഈ നിയമസഭാ പീരിയേഡിൽത്തന്നെ ഉണ്ടായിരിക്കുമെന്നതാണ് നമുക്കു കിട്ടിയ വാർത്ത. സ്ഥിരീകരിക്കുമ്പോൾ അത് അറിയിക്കുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.16-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly